# THE KUDUMBA DEEPAM.



Vol. VI.) December 1935. (No. 12.

## വിഷയവിവരം.


1. ക്രിസ്മസ്സ് ഗാനം ........................ 353.
2. ദൈവജനനിയുടെ അമലോത്ഭവം ........................ ,,
3. മാതാപിതാക്കളുടെ ആശീർവ്വാദം ........................ 358.
4. സംസർഗ്ഗം ........................ 363.
5. അജഗണം അജപാലകനെ അറിയുന്നു ........................ 365.
6. അന്നത്തെ രാത്രി ........................ 367.
7. രാജകുമാരിയുടെ സ്നേഹിതൻ ........................ 372.
8. സ്നേഹരാജനായ ഈശോ ........................ 375.
9. ഒരു സ്മരണ ........................ 379.
10 പൊതുനിർവ്വാഹം ........................ 382.
11. കുറിപ്പുകൾ ........................ 383.


"ക്ഷമയാം തോണി കേറീട്ടു വിചാരത്തുഴ കുത്തി നീ
കുടുംബഭരണാംഭോധി സാവധാനം കടക്കുക."

## ഡോക്ടർ നിഷിമൂറ ഡി. എസ്സ്.

# ജാപ്പാനിസ് ദന്തവൈദ്യൻ.

### എറണാകുളം.



പല്ലു സംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമ പല്ലുകൾ വെച്ചുകൊടുക്കയും ചെയ്യുന്നു.


---


## നിലങ്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ ൩ മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു്. ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിറുത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തിസ്പർശംകൂടാതെ പറയാം.

ഒരു കുപ്പിക്കു വില ക. ൨-൮-൦.

### കാസശ്വാസനിവാരണി.

നിങ്ങൾ പല ഔഷധങ്ങൾ ഉപയോഗിച്ചിട്ടും ഏങ്ങൽ മാറാതെയിരിക്കുന്നുണ്ടെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീർച്ചയായിട്ടും സുഖം കിട്ടും.

കുപ്പി ഒന്നിനു ക. ൪-൬-൦.

### പ്രമേഹസംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂർണ്ണസുഖമാകുന്നതാണു.

ഒരു കുപ്പിക്കു വില ക. ൪-൮-൦.

വാതഹാരി: എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണു. പോഷകകരമായ വീഞ്ഞു: അഗ്നിമാന്ദ്യം, ശിരസ്സ്തോതം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു്. 'എമ്മിന': എല്ലാ ത്വഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള നല്ലൌഷധങ്ങളും തയ്യാറുണ്ടു്. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പറ്റി വൈദ്യന്മാരുടെ അനവധി സർട്ടിഫിക്കേറ്റുകൾ കിട്ടീട്ടുണ്ടു.

പെരേര ആൻഡ് കമ്പനി, കെമിസ്റ്റസ്,
നമ്പ്ര് ൮൮, കോഴിക്കോട, മലബാർ


---

# മാന്യവരിക്കാർ അറിവാൻ.

ആലുവാ, ചൊവ്വര, അങ്കമാലി, പുത്തൻവേലിക്കര, മുറനം, പറവൂർ, വരാപ്പുഴ, കൂനമ്മാവു് എന്നീ അഞ്ചൽ അതിർത്തികളിൽപ്പെട്ട സ്ഥലങ്ങളിൽ മി. പടിക്കപ്പറമ്പിൽ ഇത്താക്കു് ജോസഫ് വരിപ്പണം പിരിക്കുവാനും പുതിയ വരിക്കാരെ ചേർക്കുവാനുമായി ഈ മാസത്തിൽ സഞ്ചരിക്കുന്നതാണു്. മാന്യവരിക്കാർ അദ്ദേഹത്തിനു അനാവശ്യതാമസത്തിനിടയാക്കാതെ പണം കൊടുത്തു മാനേജരുടെ ഒപ്പോടുകൂടിയ അച്ചടിച്ച രസീതു വാങ്ങിക്കൊള്ളണമെന്നപേക്ഷ.

മാനേജർ. കുടുംബദീപം.



"ഈശ്വരായോർദ്ധ്വലോകേഷു ഭൂയാൽ മാഹാത്മ്യകീർത്തനം
ശാന്തിർഭൂയാൽ പൃഥിവ്യാംച പ്രീതിപാത്രാണി മാനവാഃ."
വി. ലൂക്ക. ൨, ൧൪.

# കുടുംബദീപം.

പുസ്തകം ൩ } ഡിസമ്പർ ൧൯൩൫. { ലക്കം ൧൨.

## ക്രിസ്മസ്സ് ഗാനം.

(കെ. വി. ജോസഫ്, മഞ്ഞുമ്മേൽ)

മത്താഡപാരരായ് ഐ. മ.

പല്ലവി.

ശ്രീയേശുനാഥാ! വിഭോ! പാലയാതാ!
ശ്രീയേശു നാഥാ! വിഭോ. (ശ്രീയേശു)

അനുപല്ലവി

അമയമഖിലം നീ നീക്കുക നിരാമയാ! (ശ്രീയേശു)

ചരണങ്ങൾ

1. ഭൂശാപം സമസ്തവും തീർത്തഥ മുക്തിയേകാൻ
ഗോശാലയതിൽ ജാതാ! നായക! ജയ! ജയ!! (ശ്രീയേശു)
2. പുല്ലണിമെത്ത തന്നിൽ - പള്ളികൊള്ളുന്ന നിന്നിൽ
ചൊല്ലെഴും ഭക്തിയെന്നിൽ- വാഴ്ത്തുവാൻ തുണയ്ക്കണം (ശ്രീയേശു)
3. കല്യാണാലയ തവ- കൈവല്യപ്രദ പാദം
അല്പചകല്യപാർത്താൻ- കൂപ്പുന്നേനാത്മബന്ധോ! (ശ്രീയേശു.)

---

## ദൈവജനനിയുടെ അമലോത്ഭവം.

(റവ. ഫാദർ യോബ് സി. ഡി.)

ആദം കല്പന ലംഘിച്ചതിനാൽ, അയാളുടെ സന്തതികളായ എല്ലാ മനുഷ്യർക്കും ജന്മനാ സൌജന്യമായി ലഭിക്കുമായിരുന്ന അതിസ്വാഭാവികമായ പ്രസാദവരം അഥവാ ദൈവത്തിന്റെ സ്വീകൃത സന്താനങ്ങൾ എന്നുള്ള അവസ്ഥ നഷ്ടപ്പെട്ടുപോയി.

ത്തനിമിത്താ ദൈവജനനിയൊഴിച്ചു ആദത്തിന്റെ മറ്റെല്ലാസ്സന്താനങ്ങളും ഉത്ഭവദോഷത്തോടുകൂടിയാണു് ജനിക്കുന്നതു്. ഈ അവസ്ഥയ്ക്കാണല്ലൊ നമ്മൾ ജന്മപാപമെന്നു പറയുക. പരിശുദ്ധ കന്യകയ്ക്കാകട്ടെ ജന്മനാതന്നെ, അതായതു അവളുടെ ഉത്ഭവത്തിൽ തന്നെ ദൈവം അങ്ങെ പ്രസാദവരം പരിപൂൎണ്ണമായി പ്രദാനം ചെയ്തു. ഈ സംഗതിയത്രെ "അമലോത്ഭവ"മെന്ന പദത്താൽ തിരുസ്സഭ പഠിപ്പിക്കുന്ന വിശ്വാസസത്യം. ഈ സത്യത്തെക്കുറിച്ചുള്ള സഭാപഠനം എങ്ങനെയാണു് അഭിവൃദ്ധി പ്രാപിച്ചിട്ടുള്ളതെന്നും ഈ സത്യത്തിന്റെ യാഥാൎത്ഥ്യത്തെ കാണിക്കുന്ന ന്യായങ്ങൾ ഏവയാണെന്നുമുള്ള രണ്ടു സംഗതികളാണു് ഈ ലേഖനത്തിൽ പ്രസ്താവിക്കാൻ ഞാൻ കരുതുന്നതു്.

ആദ്യമായി അഭിവൃദ്ധിയെക്കുറിച്ചു പറയാം. ദൈവത്താൽ പൊതുവായി വെളിപ്പെടുത്തപ്പെട്ട വിശ്വാസസത്യങ്ങൾ ശ്ലീഹന്മാരുടെ കാലത്തുതന്നെ പൂൎത്തിയായിട്ടുണ്ടു്. അതിനുശേഷം അവയിൽ ഒന്നുപോലും കുറയുകയൊ കൂടുകയൊ ചെയ്യുന്നില്ല. അവതന്നെയാണല്ലൊ വിശ്വസിക്കാൻ തിരുസ്സഭ പഠിപ്പിക്കുന്നതു് അതുകൊണ്ടു വിശ്വാസസത്യങ്ങൾ അവയുടെ ഭാഗത്തു നിന്നു് ഒരിക്കലും വൎദ്ധിക്കുകയില്ല. പ്രത്യുത അവയെക്കുറിച്ചുള്ള നമ്മുടെ അറിവാകുന്നു വൎദ്ധിക്കുന്നതു്. വേദസത്യങ്ങളുടെ ജ്ഞാനത്തിലുള്ള അഭിവൃദ്ധി ക്രമേണയും പടിപടിയായിട്ടുമാണു് സിദ്ധിക്കുന്നതു്. അമലോത്ഭവത്തെപ്പറ്റിയുള്ള ജ്ഞാനത്തിന്റെ അഭിവൃദ്ധീപദവികൾ ഇതിനു ഒരു പറ്റിയ ഉദാഹരണമാകയാൽ അതു ഇവിടെ കാണിക്കുന്നു.

### അഭിവൃദ്ധീപദവികൾ.

൧) അമലോത്ഭവം ഏകദേശം ആദ്യത്തെ രണ്ടരന്തൂററാണ്ടു കാലത്തേക്കു് ദൈവം തിരിച്ചു വെളിപ്പെടുത്തിയിട്ടുള്ള മററു സത്യങ്ങളിൽ അന്തൎഭവിച്ചു കിടക്കയായിരുന്നു. പരിശുദ്ധ കന്യകയെക്കുറിച്ചു പറയുമ്പോൾ ഏത്രയും പൂൎണ്ണമായ ഒരു പരിശുദ്ധതയെക്കാണിക്കുന്ന വാക്കുകൾ ഉപയോഗിച്ചിരിക്കുന്നതിൽ ഈ സത്യം അടങ്ങിയിരുന്നു.

൨) അതിനുശേഷം (൨൫൦–൧൧൪൦) ഇങ്ങനെ പരിശുദ്ധ കന്യകയെക്കുറിച്ചു വിശ്വസിച്ചുപോരുന്ന സംഗതികളിൽ അങ്ങെ അമലോത്ഭവവും അന്തർഭവിച്ചിരിക്കുന്നുവെന്നുള്ള വസ്തുത കൂടുതലായി മനസ്സിലായിക്കൊണ്ടിരുന്നു.

൩) ഈ അഭിവൃദ്ധിയുടെ മൂന്നാമത്തെ ഘട്ടത്തിൽ (൧൧൪൦–൧൪൮൩) ഇതു് ഒരു വിശ്വാസസത്യമായി സ്വീകരിക്കാൻ വേണ്ടത്ര തെളിവുണ്ടോയെന്നു വേദശാസ്ത്രജ്ഞന്മാർ ഇതു് യുക്തിവാദംകൊണ്ടു ഉരച്ചുനോക്കി. ഈ സത്യത്തെ അനുകൂലിച്ചു ആദ്യം വാദിച്ചതു ൧൧൪൦-ൽ വി. ബർണ്ണാർദ്ദ് ആയിരുന്നു. തുടർന്നുണ്ടായ വാദപ്രതിവാദങ്ങളിൽ പൊതുവേ പറഞ്ഞാൽ ഫ്രൻസിസ്കോസ് സഭക്കാർ അമലോത്ഭവത്തെ ആദരിച്ചും ദൊമ്മിനിക്കോസു സഭക്കാർ അതിനെതിരായും വാദിച്ചു. ആദ്യത്തേക്കൂട്ടരുടെ നേതാവു തത്വത്തിലും വേദാന്തത്തിലും സൂക്ഷ്മജ്ഞൻ എന്നു പേരു കേട്ടിട്ടുള്ള ഡൺസ്സ്കോട്ടും മററവരുടേതു മാലാഖായ്ക്കു തുല്യനായ വേദപാരംഗതൻ എന്നറിയപ്പെടുന്ന വി. തോമ്മസു അക്വീനാസുമായിരുന്നു തീക്ഷ്ണതാപൂർവ്വം നടത്തപ്പെട്ട ഈ വാദപ്രതിവാദപോരാട്ടത്തിൽ മനുഷ്യസ്വഭാവേന വർദ്ധിച്ചു വന്നിരുന്നവാശിയെശമിപ്പിക്കുവാൻ ൧൪൮൩-ൽ നാലാം സിക്സ്ററസ് മാർപ്പാപ്പാ ഇരുഭാഗക്കാരും തല്ക്കാലം നിശ്ശബ്ദരായിരിക്കാൻ ആജ്ഞാപിക്കേണ്ടിവന്നു.

൪) നാലാം പദവി: (൧൪൮൩–൧൮൫൪.) വിവാദമല്ലോ തെളിവിനു കാരണം. മേല്പറഞ്ഞ വാദപ്രതിവാദമാകുന്ന ഉരകല്ലിന്മേൽ ഈ സത്യം ഉരസിയതിന്റെ ഫലമായി ഇതിന്റെ മാററു കൂടുതൽ തെളിഞ്ഞു പ്രകാശിക്കുകയാണുണ്ടായതു്. തന്നിമിത്തം ഇതു വിശ്വാസികളേവരുടേയും ആദരവും അനുസരണവും അർഹിച്ചുകൊണ്ടു കിടന്നിരുന്നു.

൫) അവസാനം ൧൮൫൪ ഡിസംബർ ൮-ാം തീയതി ൯-ാം പീയോസ് മാർപ്പാപ്പാ എല്ലാവരും വിശ്വസിച്ചു സമ്മതിയ്ക്കേണ്ടുന്ന ഒരു വിശ്വാസസത്യമായി ഇതിനെ പ്രഖ്യാപനം ചെയ്തുകൊണ്ടു ഇതിന്മേൽ തിരുസ്സഭയുടെ അഭംഗമുദ്രപതിച്ചു.

തെളിവുകൾ: ൧ വേദപുസ്തകം.

ക) "നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും സ്ത്രീയുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത്വംവെയ്ക്കും. അവൻ നിന്റെ തലയെ തകക്കും. നീ അവളുടെ കുതികാലിന് പതിയിരിയ്ക്കും." (സൃഷ്ടി. അ. ൩. വ. ൧൫.) പൂൎവ്വസൎപ്പത്തോടു ദൈവം അരുളിച്ചെയ്ത ഈ വാക്യങ്ങളുടെ സാരം ഈശോയും മറിയവുംകൂടെ പിശാചിനെ പരിപൂൎണ്ണമായി ജയിക്കുമെന്നാണ്. പരിപൂൎണ്ണമായ ഒരു വിജയത്തിന് മറിയം ഉത്ഭവിച്ച ക്ഷണത്തിൽപോലും പിശാചിന്റെ അടിമാവസ്ഥയിൽ ഇരിക്കാൻപാടില്ല വേറെ വാക്കായിപ്പറഞ്ഞാൽ ജന്മപാപം അവളെ തീണ്ടരുത്.

ഖ) വരപ്രസാദപൂൎണ്ണയെ നിനക്ക് സ്വസ്തി!- സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ നീ ആകുന്നു (ലൂക്കാ ൧, ൨൮) അവളുടെ ഉത്ഭവത്തിൽകൂടെയും മറിയം വരപ്രസാദമുള്ളവളല്ലായെങ്കിൽ വരപ്രസാദംനിറഞ്ഞവളെന്നു പൂൎണ്ണമായ അൎത്ഥത്തിൽ വിളിക്കുവാൻ ദൈവദൂതന് സാധിക്കയില്ലായിരുന്നു. "സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ" എന്ന എബ്രായഭാഷാശൈലിയുടെ അൎത്ഥം എല്ലാ സ്ത്രീകളിലുംവച്ച് ദൈവത്തിന്റെ പ്രത്യേകവരം പ്രാപിച്ചിട്ടുള്ളവൾ എന്നത്രെ. ഈ വരത്തിൽ അമലോത്ഭവവും ഉൾപ്പെടാതിരിക്കാൻ പാടില്ല.

൨. പാരമ്പൎയ്യം.

ക) ദൈവം വെളിപ്പെടുത്തിയിട്ടുള്ള സംഗതികൾ എല്ലാം വേദപുസ്തകത്തിൽ മാത്രല്ല, പാരമ്പൎയ്യത്തിലുമുണ്ട്. സഭാപിതാക്കന്മാർ വേദപുസ്തകവും പാരമ്പൎയ്യവും നല്ലവണ്ണം പഠിച്ചറിഞ്ഞിട്ടുള്ളവരാണ്. അവർ ദിവ്യജനനിയെ "മുഴുവനും പരിശുദ്ധ" "പാപത്തിന്റെ ഏററം അല്പമായ കറപോലും പററിയിട്ടില്ലാത്തവൾ," "മാലാഖാമാരെക്കാൾകൂടെയും കൂടുതൽ പരിശുദ്ധമായ വരപ്രസാദലോകത്തിലെ ഒന്നുമാം" എന്നിങ്ങനെയെല്ലാമാണ് പരമ്പരയായി ഉൽഘോഷിച്ചിരിക്കുന്നത്. പരിശുദ്ധരായ മാലാഖാമാരിൽ കൂടുതലായിട്ട് മറിയത്തിനുണ്ടെന്ന

പറയുന്ന ശുദ്ധതയിൽ അമലോത്ഭവം അന്തർഭവിച്ചു കിടക്കുന്നുണ്ട്.

ഖ) പിതാക്കന്മാർ പരിശുദ്ധ കന്യകയുടെ അവസ്ഥയെ ഹവ്വായുടെ പ്രമാണലംഘനത്തിനുമുമ്പുണ്ടായിരുന്ന സ്ഥിതിയോടു ഉപമിയ്ക്കുന്നുണ്ട്. ഹവ്വായാകട്ടെ പിഴയ്ക്കുന്നതിനുമുമ്പു മുഴുവനായി വരപ്രസാദമുള്ളവളായിരുന്നു. അതുകൊണ്ട് മറിയവും ഉത്ഭവത്തിൽതന്നെ നിർമ്മലയായിരുന്നെന്നു സിദ്ധിക്കുന്നു. വളരെ പൂർവ്വകാലംമുതൽ അമലോത്ഭവത്തെക്കുറിച്ചു തിരുസ്സഭയിൽ തിരുനാൾ ആഘോഷിച്ചുതുടങ്ങിയതു് ഈ സത്യത്തെക്കുറിച്ചു സഭാംഗങ്ങൾക്കുണ്ടായിരുന്ന വിശ്വാസത്തിനു് തെളിവാണ്. ഈ തിരുനാൾ ആദ്യം അന്നാഅമ്മയുടെ ഗർഭധാരണം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നതു്. പൌരസ്ത്യസഭയിൽ ഈ തിരുനാൾ ഏഴാം നൂററാണ്ടിൽ ആചരിച്ചുതുടങ്ങി. നെപ്പിൾസിൽ ൮൪൦-ലും അയർലാണ്ടിൽ ൯൦൦-ലും ഈ മഹദ്ദിനം ആചരിക്കാനാരംഭിച്ചു.

ഗ) ൧൩൦൮-ൽ ദിവംഗതനായ ഡൺസ്കോട്ട് എന്ന സൂക്ഷ്മജ്ഞനായ വേദപാരഗൻ അമലോത്ഭവത്തെ ആദരിച്ചു വാദിക്കുകയും എതിർവാദങ്ങൾക്കെല്ലാം തക്കതായ മറുപടി കൊടുക്കുകയും ചെയ്തു. 'ദൈവപുത്രനു തന്റെ മാതാവിനെ ജന്മപാപത്തിൽനിന്നും കർമ്മപാപത്തിൽനിന്നും സംരക്ഷിക്കുന്നതിനു ശക്തിയുണ്ടായിരുന്നു അവിടുന്നു അങ്ങിനെ ചെയ്യേണ്ടതു് യുക്തവുമായിരുന്നു. അതുകൊണ്ടു അവിടുന്നു യഥാർത്ഥത്തിൽ അങ്ങിനെതന്നെ ചെയ്തു.' ഇപ്രകാരമായിരുന്നു അദ്ദേഹത്തിന്റെ യുക്തിവാദഗതി.

൩. സഭയുടെ പഠനം.

ക) ൧൪൩൯-ൽ ബസിൽ (Basle) എന്ന സ്ഥലത്തുവച്ചു കൂടിയ തിരുസംഘത്തിൽ അമലോത്ഭവം സഭയുടെ ഒരു ഔദ്യോഗിക പഠനമായി പ്രസ്താവിച്ചു.

ഖ) അമലോത്ഭവത്തെക്കുറിച്ചുള്ള കാനോൻ ജപം ചൊല്ലുകയൊ, അതിനെക്കുറിച്ചുള്ള ദിവ്യപൂജയിൽ സംബന്ധിക്കു

കയൊചെയ്യുന്നവൎക്ക് ആറാം സിക്സ്ററസ് മാർപ്പാപ്പാ പൂൎണ്ണദണ്ഡവിമോചനം കല്പിച്ചരുളി.

ഗ) ട്രെൻറിൽ (Trent) സമ്മേളിച്ച തിരുസ്സഭയുടെ പൊതുസംഘത്തിൽ ജന്മപാപത്തിൻെറ സാൎവ്വത്രികതയെപ്പററി പ്രഖ്യാപനം ചെയ്യപ്പെട്ടപ്പോൾ പരിശുദ്ധകന്യകയെ അതിൽ മനഃപൂർവ്വം ഉൾപ്പെടുത്തിയില്ല.

ഘ) ൧൮൫൪-ൽ ഒമ്പതാം പീയോസ് മാർപ്പാപ്പാ ദൈവമാതാവിൻെറ അമലോത്ഭവം ഒരു വിശ്വാസസത്യമായി പ്രഖ്യാപനംചെയ്തു.

# മാതാപിതാക്കളുടെ ആശീർവ്വാദം.

(റവ. എൽ., സി. ഡി.)

"മാതാപിതാക്കളാൽ അനുഗ്രഹീതരായവർ ദൈവത്താലും അനുഗ്രഹീതരാകുന്നു." വി. അമ്പ്രോസീസ്

ആധുനികലോകം തരണംചെയ്തുകൊണ്ടിരിക്കുന്ന ഈ കാലഘട്ടം എല്ലാ പ്രകാരേണയും ഭീതികരവും പ്രലപനീയവുമായ ഒന്നുതന്നെ. എന്തെന്നാൽ ഇതിൻെറ അന്തരീക്ഷമാകട്ടെ വിവിധങ്ങളായ ഭക്തിഹീനതകളുടെ നീച സിദ്ധാന്തങ്ങളാൽ ഏററം മലീമസമായി പരിണമിച്ചിരിക്കുന്നു. സൎവ്വ ഭൂവിഭാഗങ്ങളിലും പ്രചുരമായി പ്രചരിക്കുന്ന ഈ സിദ്ധാന്തങ്ങളുടെ ശ്യാമളമായ നിഴൽ കത്തോലിക്കാകുടുംബങ്ങളിലും പ്രകാരാന്തരേണ വ്യാപിക്കുവാൻ ഇടയുള്ളതുകൊണ്ടു ദൈവാനുഗ്രഹപ്രദായകങ്ങളായ ഭക്താചാരങ്ങൾ തിരസ്കൃതങ്ങളായി തീരാവുന്നതാണ്. മാത്രമല്ല, ഇവയിൽ ദുർല്ലഭം ചിലതു ധാർഷ്ട്യപൂൎവ്വമല്ലെങ്കിലും ആധുനിക പരിഷ്കാരത്തിനു ഒട്ടും അനുയോജ്യമല്ലെന്ന ഭാവത്തിൽ കുടുംബപരിധികളിൽനിന്നു ഇതിനകം പരിത്യക്തങ്ങളായിരിക്കുന്നു എന്നുള്ള വസ്തുത ഒരു നിഗൂഢമായ രഹസ്യവുമല്ലതന്നെ.

ഇപ്രകാരമുള്ള പല ഭക്താചാരങ്ങളിൽവച്ച്, ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനത്തെ അലങ്കരിക്കുന്ന ഒന്നാണല്ലോ 'മാതാപിതാക്കളുടെ ആശീൎവാദദാനം.' സഹൃദയാഹ്ലാദജനകവും, സൎവ്വഥാ ആദരണീയവുമായ ഈ പാവനാചാരത്തിന്റെ മാഹാത്മ്യവിശേഷതയേയും, തദ്വാരാ നമ്മുടെ കുടുംബങ്ങൾക്കു കരഗതമാകാവുന്ന സൗഭാഗ്യാതിരേകങ്ങളേയും കുറിച്ചു അല്പമായി ഒന്നു പരിചിന്തനം ചെയ്യുന്നതു ഏററം സന്ദൎഭോചിതവും, മാതാപിതാക്കൾക്കെന്നല്ല, ബാലികാബാലന്മാൎക്കും അത്യന്തം ഉപകാരപ്രദവുമായിരിക്കുമല്ലോ.

# I

## ആശീൎവാദത്തിന്റെ ആരംഭവും, ഇതിനു സിദ്ധിച്ചിട്ടുള്ള പ്രാമാണ്യവും.

'ഗാൎഹികമായ ക്രൂദാശ' എന്നുള്ള അപരനാമത്തേപ്പോലും സവിശേഷം അൎഹിക്കത്തക്കവിധം അത്രമാത്രം പാവനമായ ഈ ഭക്തമുറ മനുഷ്യവൎഗ്ഗത്തോളം തന്നെ പുരാതനമാണെന്നു വിശുദ്ധ ഗ്രന്ഥം സശ്രദ്ധം പാരായണംചെയ്യുന്ന ഏതൊരുവനും അനായാസേന മനസ്സിലാക്കാവുന്നതാണ്. എന്തെന്നാൽ അദ്ധ്യാപി അനുസ്യൂതം തുടൎന്നുകൊണ്ടുതന്നെ ഇരിക്കുന്ന ഈ മുറ പൂൎവ്വപിതാക്കന്മാരിൽനിന്നാത്രെ അഭിനവമായി ആരംഭിച്ചിട്ടുള്ളതു്. മാത്രമല്ല അവർ ഇതിന്റെ അഭംഗമായ നിൎവ്വഹണത്തിൽ സൎവ്വദാ ബദ്ധശ്രദ്ധരായിരുന്നുവെന്നും വിശുദ്ധ ലിഖിതങ്ങൾ വേണ്ടുവോളം സാക്ഷ്യം വഹിക്കുന്നുണ്ട്. ഇവർ ചെയ്തിരുന്നതുപോലെ നമ്മുടെ മാതാപിതാക്കളും സന്താനങ്ങളെ ദിവസേന ആശീൎവ്വദിക്കുകയും ബാലികാബാലന്മാർ ഇവരുടെ ആശിസ്സ് അഭ്യൎത്ഥിക്കയും ചെയ്തിരുന്നുവെങ്കിൽ സൎവ്വേശ്വരസംപ്രീതമായ ഈ ഭക്താനുഷ്ഠാനം കുടുംബങ്ങൾക്ക് എത്രയോ അനുഗ്രഹസംദായകമായിരുന്നേനെ.

സത്യവിശ്വാസികളെ എല്ലാം ആശീൎവ്വദിക്കുന്നതിനുള്ള അധികാരം പുരോഹിതന്മാരിൽ സ്ഥിതിചെയ്യുന്നതുപോലെ

തങ്ങളുടെ സന്താനവല്ലികളെ ആശീവ്വദിക്കുന്നതിനുള്ള അവകാശം എല്ലാ മാതാപിതാക്കൾക്കും സംസിദ്ധമായിട്ടുണ്ട്. എന്തെന്നാൽ കുടുംബത്തിലെ രാജാക്കന്മാരും, പ്രധാനാചാര്യന്മാരും ഇവരത്രെ ആകുന്നു. പൂവ്വകാലങ്ങളിൽ പിതാവിന് മാത്രമെ അനുഗ്രഹദാനം ചെയ്യുവാൻ പാടുണ്ടായിരുന്നുള്ളു. എന്നാൽ സ്ത്രീകളിൽ ഏറ്റം അനുഗ്രഹീതയും സവ്വനന്മയാൽ പരിപൂരിതയുമായ മറിയം മനുഷ്യകുലത്തിനു ലഭ്യമായ ഇത്രയധികം അനുഗ്രഹവിശേഷങ്ങളുടെ കാരണഭൂതയായിത്തീരുകയാൽ മാതാക്കളും ഇപ്പോൾ ഏറ്റം ന്യായാനുസൃതമായി ആശീവ്വാദം പ്രദാനം ചെയ്യുന്നുണ്ട്. ആകയാൽ പ്രിയ ജനകീജനകന്മാരെ, ദൈവദത്തമായ ഈ അവകാശത്തെ നിങ്ങൾ പ്രയോജനപ്രദമാക്കുക. അതെ, നിങ്ങളുടെ സന്താനങ്ങളുടെമേൽ ആശീവ്വാദത്തിനായി കരങ്ങളെ ഉയർത്തുമ്പോഴൊക്കെയും ആത്മശരീരസംബന്ധമായ സുസ്ഥിതിക്ക് നിദാനഭൂതമായ ഒരനുഗ്രഹത്തെ നിങ്ങൾ അവരുടെമേൽ പ്രവഷിക്കുകയാൽ യഥാത്ഥമായി ഇതിനെ പ്രയോജകീഭവിപ്പിക്കയത്രെ ചെയ്യുന്നത്. ഇത്തരുണത്തിൽ നിങ്ങളുടെ വിവാഹത്തോടനുബന്ധമായി അപ്പിക്കപ്പെട്ട ദിവ്യപൂജയിൽ നിങ്ങളുടെ സന്നിധിയിൽവച്ചു ചൊല്ലിയതായ "അബ്രാഹത്തിന്റെയും, ഇസഹാക്കിന്റെയും, യാക്കോവിന്റെയും ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. അവിടുന്ന് സമാധാനത്തിന്റെ ദൂതനായ വി. റഫായേലിനെ അയച്ചതുപോലെ തന്റെ അനുഗ്രഹങ്ങളെ നിങ്ങളുടെമേൽ വഷിക്കുമാറാകട്ടെ നിങ്ങളുടെ മൂന്നാമത്തേതും, നാലാമത്തേതുമായ തലമുറകളിലെ സന്തതികളുടെ സന്തതികളെ ദശിക്കുവാൻ ഇടയാകുന്നതിനു സവ്വവല്ലഭനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ അനന്തരം നിത്യജീവൻ നിങ്ങൾക്കു അനുഭവവേദ്യമാകയും ചെയ്യട്ടെ." എന്നു ഈ ശ്രദ്ധേയമായ അഭ്യത്ഥനയുടെ സ്മരണ മേൽപ്രസ്താവിതമായ കൃത്യനിവ്വഹണത്തിൽ നിങ്ങളെ ഉത്തേജിപ്പിക്കാതിരിക്കുകയില്ല, നിശ്ചയം.

മാതൃക, ന്യായോക്തികളെക്കാൾ കൂടുതൽ ഉത്തേജകവും, പ്രേരകവുമായതുകൊണ്ട് നമ്മുടെ മാതാപിതാക്കളും ബാലികാ

ബാലന്മാരും, പ്രസ്തുത ഭക്താചാരത്തിന്റെ മഹനീയതയെ പ്രസ്പഷ്ടമാക്കുന്ന സംഭവങ്ങളാൽ സംപുഷ്ടമായ ചരിത്രവീഥിയിലേക്കു അവരുടെ നയനങ്ങളെ ആനയിക്കുന്നതു് അത്യന്തം ഉപകാരപ്രദമായിരിക്കും. ഇപ്പോൾ നിരവധി സംഭവങ്ങൾ എന്റെ സ്മൃതിപഥത്തിൽ ഉദിച്ചുയരുന്നുവെങ്കിലും, അവയിൽ ചിലതിനെ മാത്രമെ അവരുടെ ശ്രദ്ധക്കു് വിഷയീഭവിപ്പിക്കുവാൻ ഞാൻ വിചാരിക്കുന്നുള്ളു.

അന്ത്യസമയംവരെ സത്യവിശ്വാസത്തിൽ സുസ്ഥിരമായി നില്ക്കുന്നതിനു ആശീർവ്വാദദാനത്താൽ പ്രോത്സാഹനം നല്കിയിരുന്ന രക്തസാക്ഷികളായ ആ ധീരാത്മക്കളുടെ മാത്രമല്ല, വിശ്രുതരായ മററു പല വിശുദ്ധരുടെയും മാതാപിതാക്കൾ ഈ ഭക്തമുറയെ അതിയായി മതിച്ചിരുന്നുവെന്നു ചരിത്രദ്വാരാ നിഷ്പ്രയാസം നമുക്കു ഗ്രഹിക്കാവുന്നതാണു്. മക്രീന (Makrina) നിജപൗത്രന്മാരായ കെസ്സാരയായിലെ വി. ബസ്സീലിയോസിനും, നീസായിലെ വി. ഗ്രിഗോരിയോസിനും നൽകിയ വാഴ്വിന്റെ ഫലപ്രദായകത്വം എത്രമാത്രമായിരുന്നുവെന്നു വേദശാസ്ത്രജ്ഞന്മാരായി പൗരസ്ത്യസഭയുടെ ആദരാഭിവാദ്യങ്ങളെ സവിശേഷം സമാർജ്ജിക്കുവാൻ ഇടയായ ഈ പുണ്യാത്മാക്കളുടെ ജീവചരിത്രങ്ങൾ പ്രസ്പഷ്ടം പ്രഖ്യാപനം ചെയ്യുന്നുണ്ടു്. കത്തോലിക്കമുദ്രാലയത്തിന്റെ സാർവ്വത്രിക മദ്ധ്യസ്ഥനായി പ്രശോഭിക്കുന്ന വി. ഫ്രാൻസീസ് സാലെസ് വാഴ്വിനായി തന്റെ മാതാപിതാക്കളുടെ പാദാന്തികേ എല്ലാദിവസവും മുട്ടുകുത്തിയിരുന്നു. ഇപ്രകാരംതന്നെ വി. ഗ്രിഗോരി നസ്സിയാൻസിനെ തന്റെ വാത്സല്യമാതാവു് ദിവസേന ആശീർവ്വദിച്ചിരുന്ന കാര്യവും നമ്മുടെ ഹൃദയങ്ങളെ ഏററം ഗാഢമായി സ്പർശിക്കുന്ന ഒന്നുതന്നെയാണു്. ഇതുമെന്യെ അടുത്തകാലത്തു് വിശുദ്ധപദസിദ്ധിപ്രഖ്യാപനത്താൽ മഹാമകുടധാരികളുടെപോലും ബഹുമാനാദരങ്ങൾക്കു പാത്രീഭൂതനായ വി. തോമസ്മൂർ ഇംഗ്ലണ്ടിന്റെ ലോഡ്ചാൻസ്ലർ എന്ന ഉന്നതസ്ഥാനത്താൽ അലംകൃതനായിരുന്നപ്പോൾപോലും വയോധികനായ തന്റെ പിതാവിന്റെ ആശീർവ്വാദം

ലഭിച്ചതിനുശേഷംമാത്രമേ ഉദ്യോഗസ്ഥലത്തേക്കു പോയിരുന്നുള്ളു എന്നവസ്തുതയും ഏതൊരു ഹൃദയത്തെയാണ് ഹഠാദാകർഷിക്കാത്തതു്? വി. ഫ്രാൻസീസ്ദെ ഷന്താളിന്റെ ജീവചരിത്രത്തിൽ, ഗൃഹസ്ഥജീവിതം നയിച്ചിരുന്ന ഈ വിശുദ്ധയെക്കുറിച്ചു് പ്രസ്താവിച്ചിരിക്കുന്ന ഭാഗം മാതാക്കളുടെ ശ്രദ്ധയെ ഇത്തരുണത്തിൽ പ്രത്യേകം അർഹിക്കുന്ന ഒന്നാണ്." എല്ലാ ദിവസവും രാത്രിയിലെ ഭക്ഷണാനന്തരം അവളുടെ സന്താനങ്ങളോടുകൂടെ സന്ധ്യാജപങ്ങൾ ഏററം ഭക്തിപൂർവ്വം ചൊല്ലിവന്നു. പിന്നീടു് ഓരോരുത്തരും ആത്മശോധന ചെയ്തശേഷം കാവൽ മാലാഖയുടെ സാഹായ്യം അവരുടെമേൽ യാചിച്ചിരുന്നു. അവസാനമായി നിദ്രക്കു പോകുന്നതിനുമുമ്പു നമ്മുടെ പുണ്യവതി അവരുടെ നെററിത്തടത്തിൽ വി. ജലംകൊണ്ടു് കുരിശിന്റെ അടയാളം വരയ്ക്കുകയും പതിവായിരുന്നു." ഇതു് മാതാക്കൾക്കു എത്രയോ അനുകരണീയമായ ഒരു മതൃകയാണ്.

പരിഷ്കാരഭാനുവിന്റെ കിരണങ്ങളാൽ പ്രകാശിതങ്ങളായ എല്ലാ രാജ്യങ്ങളിലും പ്രത്യേകിച്ചു് കത്തോലിക്കാ ഫ്ളാൻഡേഴ്സിലും ഈ ഭക്തമുറ ഇന്നും പൂർവ്വോപരി ഉത്സാഹപൂർവം അനുവർത്തിക്കപ്പെട്ടുന്നുണ്ടു്. കലാലയത്തിൽ അഭ്യസനം ചെയ്തിരുന്ന രണ്ടു ബാലന്മാരുടെ മാതൃസ്ഥാനം വഹിച്ചിരുന്ന ഒരു ഭക്തയായ സ്ത്രീയുടെ സ്മരണയാണ് എന്റെ സ്മൃതിപഥത്തെ ഇപ്പോൾ ആരോഹണംചെയ്യുന്നതു്. ഇവർ ഒരു ദിവസം സ്വഗൃഹത്തിന്റെ വാതായനത്തെ ചൂണ്ടികാണിച്ചുകൊണ്ടു് തന്റെ പ്രേമഭാജനങ്ങളോടു് ഇപ്രകാരം പറകയുണ്ടായി. "പ്രിയ കുഞ്ഞുങ്ങളെ, കണ്ടാലും! ഈ ജനലിൽകൂടിയാണ് എന്റെ മാതൃനിർവ്വിശേഷമായ ആശിസ്സ് നിങ്ങൾ പാഠശാലയിലായിരിക്കുമ്പോൾ എല്ലാദിവസവും നിങ്ങളുടെ പക്കലേക്ക് ഞാൻ അയക്കുന്നതു്. ഈ ബാലന്മാർ രണ്ടുപേരും കാലാന്തരത്തിൽ ഭക്തിയും തീക്ഷ്ണതയുമുള്ള മാതൃകാവൈദികരായി പ്രശോഭിച്ചുവെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണ്. ഇവരുടെ മാതാവായ ഈ സ്ത്രീരത്നത്തിന്റെ മാതൃസ്നേഹപാരമ്യത്താൽ വഴിഞ്ഞൊഴുകു

ന്നു ഈ വാക്കുകൾ ഏതൊരു മാതാവിനെയാണ് ആശിൎവാദ ദാനത്തിനായി പ്രേരിപ്പിക്കാത്തതു്? ഏതൊരു ബാലഹൃദയത്തെയാണ് ആഹ്ളാദോന്മേഷത്താൽ സംപൂരിതമാക്കാത്തതു്.

(തുടരും)

# സംസൎഗ്ഗം.

(ശ്രീമാൻ ജോസഫ് പള്ളിപ്പാടൻ, ഇടപ്പള്ളി.)

1. പലർ തമ്മിലവസ്ഥവിട്ടു, നി-
സ്തുല സംസൎഗ്ഗമെഴുന്ന മാനുഷൻ
പല ദോഷഗുണൈകസത്മനാ-
യുലകിൽ ജീവിതമാൎന്നിടുന്നഹോ!

2. ഒരുവന്നിഹ മററനേകരു-
ണ്ടൊരുമിച്ചങ്ങനെ കൂട്ടുകൂടുവാൻ.
കരുതേണമിതിൽ പ്രബോധമോ-
ടരുതേ, തൽപര ബാന്ധവം ദൃഢം.

3. അരിയോരു വിവേക ലോചനം
തിരിയേണം സദസൽപഥങ്ങളിൽ
പരിചോടതിൽ നിന്നസത്തിനെ-
പ്പരിവൎജ്ജിച്ചു വരിക്ക സല്പഥം.

4. സതതം ഗുണഷീപൂവീഥിയെ-
സ്സുതരാമാശ്രിതരല്ലിഖായിടാ;
മതഭക്തി തളിൎത്തിടാത്തതാം-
ഹൃദയം തദ്വിധർ തന്നിലില്ലതാൻ.

5. വിമലോദക മുപ്പിനോടുസം-
ഗമമേല്പൂ പൊഴുതുപ്പുവെള്ളമാം;
ചമയും, മധുരാംബുവായി, നൽ-
ക്കമലത്തിൽ, സിതചേൎത്തിടുമ്പൊളേ.

6. അനഘം ഗുണബന്ധമത്ര, സ-
ജ്ജന സംസർഗ്ഗമെവന്നു മേകിടും.
വനചന്ദന ചേർച്ചയിങ്കലി-
ങ്ങനവദ്യോത്തമഗന്ധമേവരും.

7. ക്രമശഃ പടുചോരനായിടും
സുമതൻ, തസ്കരരോടുചേരുകിൽ
സമദസ്സുരപാനിയോടുചേ-
ർന്നമരുന്നോൻ മധുസേവചെയ്തിടും.

8 സഹവാസമതജ്ഞരോടുചെ-
യ്തിഹവാഴുന്നവർ മൂഢരായിടും;
മഹദാശയരോടുകൂടുകിൽ,
മഹനീയാത്മഗുണങ്ങൾ കൈവരും.

9. സുലഭം ഗുണദോഷരംഗമായ്
വിലസജ്ജീവിതനൃത്തവേദിയിൽ
നിലവിട്ടഭിനീതരാക്കിടും
പലസംസർഗ്ഗവിശേഷമാരെയും.

10. അതിനാലജഭക്തി, നീതി, സൽ-
കൃതി, സത്യം. വിനയം, പ്രശാന്തത,
പ്രതിഭാദിഗുണാത്മനായിടും
മതിമാൻ യോജ്യസഖിത്വ സാർത്ഥനാം.

11. ഒരുവനുടെ പ്രധാന സ്നേഹിതന്മാരെ നോക്കി-
ക്കരുതണമവനുള്ളോരന്തരംഗസ്വഭാവം.
ഗുരുവചനമിതിന്നുള്ളർത്ഥമൊത്തിങ്ങു വാണാൽ
കരുമനയണയാനായ് മാർഗ്ഗമില്ലാർക്കുമോർത്താൽ.

# അജഗണം അജപാലകനെ അറിയുന്നു.

റവ. ഫാദർ പയസ്സ്, സി. ഡി.

റൂർ നദിയുടെ സമീപത്തായി 'റെല്ലീഞ്ഞാസൺ' എന്നൊരു പട്ടണം സ്ഥിതിചെയ്യുന്നു. അവിടത്തെ ദേവാലയത്തിൽ നാന്നൂറ് വർഷങ്ങൾക്കുമുമ്പ് ഒരു ദിവസം കള്ളന്മാർ കൊള്ളയ്ക്കായി പ്രവേശിച്ചു. ആ ദുഷ്ടന്മാർ സക്രാരി കുത്തിത്തുറന്നു, തിരുപാത്രങ്ങൾ തട്ടിയെടുത്തു. തിരുഓസ്തികൾ എവിടെയോ കൊണ്ടുപോയി എറിഞ്ഞു കളഞ്ഞു. ഈ അനിഷ്ടസംഭവം കാട്ടുതീപോലെ നാടെങ്ങും പരന്നു. ജനതതി പരിഭ്രമചിത്തരായിതീന്നു. കള്ളന്മാരെ എവിടെ കണ്ടെത്തും? വി. കുർബ്ബാനയ്ക്കു എന്തു സംഭവിച്ചു? എന്നൊക്കെ ഓരോരുത്തരും വിചാരിച്ചുതുടങ്ങി. ആക്കും ഒരു തുമ്പും കിട്ടിയില്ല.

ഇങ്ങനെയിരിക്കെ ഒരു ദിവസം 'ഹെർമസ്സ്' എന്ന ആട്ടിടയൻ ആടുകളേയുംകൊണ്ടു കാട്ടുപ്രദേശമായ ഒരു കുന്നിൻപുറത്തുകൂടി കടന്നുപോയി. ആയാൾ ഇപ്രകാരം ആത്മഗതം ചെയ്തു: "മനുഷ്യർ തീരെ അധമസ്ഥാനത്തേയ്ക്കു നിപതിക്കുന്നതു എത്രകണ്ടു ഭീകരം. ഭൂമി വായ പിളന്നു അവരെ ഗ്രസിച്ചുകളയുമെന്നു വിചാരിക്കാതിരിക്കാൻ ആ കള്ളന്മാക്കു ന്യായമില്ലെന്നുവരുമൊ?" ഈ വിധം മുന്നോട്ടു പോകയിൽ ആട്ടിൻകൂട്ടം പെട്ടെന്നു നിന്നുപോയി. "മുൻപോട്ടു പോ" എന്നു ഉറക്കെ വിളിച്ചു പറഞ്ഞുകൊണ്ടു തന്റെ അടുത്തു നിന്നിരുന്ന ആടിനെ കയ്യിലിരിക്കുന്ന വടികൊണ്ടു മുൻപോട്ടു തള്ളി. ആടാവട്ടെ ഒരു ചുവടുപോലും മുൻപോട്ടു വയ്ക്കുന്നില്ല. എന്നല്ല അവിടെയുണ്ടായിരുന്ന അരുവിക്കടുത്തു ഒരു മുൾപ്പടപ്പിനുചുററും ആടെല്ലാം തിങ്ങിക്കൂടുകയാണുണ്ടായതു. ഇതു കണ്ടിട്ടു, "ഓടെടാ, തീരാസെ, ഓടെടാ", എന്നു ആട്ടിടയൻ പട്ടിയോടു. തീരാസു കുരച്ചുകൊണ്ടു മുൻപോട്ടു ഒരു ചാട്ടം. ആടുകളുടെ കാലിനു കടന്നു പിടിയും കൂടി. എന്നിട്ടോ അവ ഇഞ്ചുപോലും ഇളകുന്നമട്ടില്ല. മാത്രമല്ല, അല്പം അകലെയായി നിന്നിരുന്ന ആടുകൾ കുറെക്കൂടി അടുത്തുവന്നു കുററിക്കാടിൻ സമീപെ നിന്നിരുന്ന കൂട്ടമൃഗങ്ങൾക്ക് ഒരു കോട്ടയെന്നപോലെ വളഞ്ഞു നിന്നു.

"ആടുകൾക്കു എന്തുപററി? ഇതൊരു പുതിരിയാണ ല്ലൊ" എന്നു പറഞ്ഞുകൊണ്ടു ഹെർമസ്സ് മുൻപോട്ടടുത്തു. ഹാ! ഒരു അത്ഭുത കാഴ്ച! ആടുകൾ എല്ലാം മുൾപ്പടപ്പിനുചുററും മു ട്ടിന്മേൽ നില്ക്കുന്നു. ഇതു ഒരു സ്വപ്നമൊ? അയാൾ പെട്ടെന്നു ഞെട്ടിപിറകോട്ടുമാറി തൊപ്പി കയ്യിലെടുത്തു നിശ്ചഞ്ചലനായി നിന്നു സൂക്ഷിച്ചു വീക്ഷിക്കുന്നു. ഏതാനുംദിവസങ്ങൾക്കുമുൻപ് ദേവാലയത്തിൽനിന്നു കുത്തിക്കവൎന്നു കൊണ്ടുപോയ തിരു ഓസ്തികളെയാണ് ആ മുൾപ്പടപ്പിൽ കാണുന്നതു്. അതിനുചുററു മത്രെ ആടുകൾ തിങ്ങിക്കൂടിയിരിക്കുന്നതു്. കണ്ടാലും! ആടുക ൾ ആട്ടിടയനെ തിരിച്ചറിയുന്നു. അമൂല്യസാധനമായ വി. കു ൎബ്ബാനയെ ഇവിടെ എറിഞ്ഞുംവച്ചു് വിലകുറഞ്ഞ തിരുപാത്രങ്ങ ളുംകൊണ്ടു മണ്ടികളഞ്ഞ മോഷ്ടാക്കളുടെ ഹൃദയം എത്രകണ്ടു ശിലാതുല്യം. തിരു ഓസ്തികൾ മണ്ണിൽകിടന്നിരുന്നെങ്കിലും പാം സുസ്പൎശമേൽക്കാതെ വിണ്ണിലെന്നപോലെ നിൎമ്മലങ്ങളായിരുന്നു. ആട്ടിടയനും ആടുകളോടൊപ്പം മുട്ടുകുത്തി കണാതെപോയ ആ ടിനെ തിരഞ്ഞു കണ്ടെത്തിയ ആ മഹാ ആട്ടിടയനെ ആരാധി ച്ചു. അനന്തരം റെല്ലിങ്ങാസണിലെ ദേവാലയത്തിലേയ്ക്കു ഓടി ച്ചെന്നു വിവരമെല്ലാം പറഞ്ഞു കേൾപ്പിച്ചു. ഉടനെ ഒരു പു രോഹിതൻ പട്ടണവാസികളുടെ വമ്പിച്ച സംഘത്തോടെ സ്ഥ ലത്തെത്തി. ബുദ്ധിവിഹീനരായ ആ അജഗണം അപ്പൊഴും മു ട്ടിന്മേൽതന്നെ. തിരു ഓസ്തികളെ ഭക്ത്യാദരപൂൎവ്വം എടുത്തു ദൈ വാലയത്തിലേക്കു സാഘോഷം കൊണ്ടുപോയി പുനഃസ്ഥാപിച്ചു. പ്രസ്തുത സംഭവം നടന്നതു ൧൭൧൫ ജൂലൈ ൨൭-ാം തീയതി ആ യിരുന്നു. പിൽക്കാലത്തു തിരു ഓസ്തികൾ കണ്ടെത്തപ്പെട്ട സ്ഥ ലത്തു് ദൈവദൂഷണപരിഹാരാൎത്ഥം ഒരു ചാപ്പൽ സ്ഥാപിച്ചു. അതിൽ ആണ്ടുതോറും പരിഹാരക്രിയകൾ അത്യാഡംബരപൂ ൎവ്വം അനുഷ്ഠിച്ചുപോരുന്നുണ്ട്.

—ചക്രപാല—

# അന്നത്തെ രാത്രി.

(റവ. ഫാദർ പോൾ വടക്കുംചേരി.)

ശമുവേൽ ശാന്തശീലനായ ഒരു അജപാലനായിരുന്നു. ആട്ടിടയന്മാർതന്നെ ആയിരുന്നു അയാളുടെ പിതൃക്കളും. ഈ ആട്ടമേച്ചിൽ ശമുവേലിൻെറ കുടുംബത്തിൽ എന്നാരംഭിച്ചുവെന്നോ, ആരു തുടങ്ങിയെന്നോ ഒരു രൂപവും അയാൾക്കുണ്ടായിരുന്നില്ല. ഓർമ്മയും കേൾവിയും എത്തുപെടുന്നിടത്തോളം കുടുംബാംഗങ്ങൾ എല്ലാവരുംതന്നെ ആട്ടിടയന്മാരായിരുന്നുവെന്നേ ഖണ്ഡിതമായി പറവാൻ ശമുവേലിനു സാധിച്ചിരുന്നുള്ളു..

അജപാലസഹജമായ ആർജ്ജവബുദ്ധിയുടെയും, അനാഡംബരജീവിതത്തിൻെറയും, സന്തുഷ്ടചിത്തവൃത്തികളുടെയും ഒരു മൂത്തിതന്നെ ആയിരുന്നു ശമുവേൽ. തന്നിമിത്തം എല്ലാവക്കും അയാളെ വലിയ മതിപ്പുമായിരുന്നു. സവ്വസമ്മതമായ ഈ മതിപ്പ് അയാളെ ഇതരന്മാരായ ആട്ടിടയന്മാരുടെ ഇടയിൽ ഒട്ടു പ്രധാനനായ ഒരുവനാക്കിത്തീത്തു. എന്നാൽ ഈ സ്ഥാനലബ്ധി ശമുവേലിനെ ലേശംപോലും ഉദ്ധതനും, ഉപദ്രവകാരിയും ആക്കിയില്ല. ദിനന്തോറും അയാളുടെ ഔദാര്യവും, ദീനദയയും, സമഭാവനയും വദ്ധമാനമായി വന്നതേയുള്ളു.

ശമുവേൽ അഭിജാതനായ ഒരു യഹൂദനുമായിരുന്നു. അധികമായ വിദ്യാധനം അയാൾക്കുണ്ടായിരുന്നില്ലെങ്കിലും മനഃസംസ്കാരം ഒട്ടും കുറവായിരുന്നില്ല വേദവിധികളിൽ അന്യാദൃശമായ പ്രതിപത്തിയും, സ്വകൃത്യനിവ്വഹണത്തിൽ അതീവനിഷ്ഠയും അയാൾ പ്രദശിപ്പിച്ചുവന്നു. ദിവ്യഗ്രന്ഥങ്ങൾ വായിച്ചു ശക്തിക്കൊത്തവിധം മററുള്ളവക്കു അയാൾ അവയുടെ അത്ഥം വിശദമാക്കിക്കൊടുക്കുക സാധാരണമായിരുന്നു. രാത്രികാലം നിദ്ര തുടങ്ങുന്നതുവരെ മിക്ക ദിവസങ്ങളും ഇപ്രകാരമാണ് കഴിഞ്ഞുകൂടിയിരുന്നത്. ഉദാരമതിമാനായിരുന്ന അയാൾ, അടുത്തുള്ള തൻെറ സഹോദരന്മാരുടെയും ആടുകളെ ഇട്ടു സൂക്ഷിക്കത്തക്ക ഒട്ടു വലിയ ഒരു വേലി കെട്ടി സംരക്ഷിച്ചിരുന്നതിനാൽ, സായങ്കാലത്തു അടുത്തുള്ള ആട്ടിടയന്മാർ പലരും ആടുകളെ ആ വേലിക്കെട്ടിനുള്ളിൽ കയററി ഇടുകയും, അയാളുടെ ഗൃഹത്തിൽത

ന്നെ രാത്രികാലം പോക്കുകയും പതിവായിരുന്നു. ശമുവേലിൻെറ സഹപരന്മാരായ ഈ ആട്ടിടയന്മാരും അയാളെപ്പോലെതന്നെ സദ്വൃത്തന്മാരായിരുന്നു.

അന്നും അത്താഴം കഴിഞ്ഞു ആട്ടിടയന്മാരെല്ലാവരും ശമുവേലിൻെറ ഗൃഹത്തിൽ എത്തിച്ചേൎന്നു. ആട്ടിൻ ആലയ്ക്കു അഭിമുഖം സ്ഥിതിചെയ്തിരുന്ന കോലായിൽ ഓരോരുത്തനും സ്വസ്ഥാനം കരസ്ഥമാക്കി. പ്രധാന സ്ഥാനത്തു ശമുവേലും ഉപവിഷ്ടനായി. അയാൾ വിശുദ്ധ ഗ്രന്ഥം എടുത്തു വായിക്കുവാൻ ആരംഭിച്ചു. ആ ഗ്രന്ഥം അവരുടെ ഒരു വലിയ സമ്പാദ്യമായിരുന്നു. എല്ലാവരും വലിയ ത്യാഗം സഹിച്ചിട്ടേ അതു ലബ്ധമായുള്ളു. അതിൻെറ കെട്ടും മട്ടുമെല്ലാം അതിൻെറ അമൂല്യതയെത്തന്നെ വിളിച്ചറിയിച്ചു. പുസ്തകസ്റ്റാൻറിൽ അതു വിടൎന്നിരുന്നു. ശമുവേൽ വിശുദ്ധ പുസ്തകപാരായണത്തിനു ഉചിതമായ ഏകതാനതയോടെ അതു വായിക്കുകയും, അൎത്ഥം പറകയും, മററുള്ളവർ അത്യേവിധം നിശ്ശബ്ദമായും സശ്രദ്ധമായും അതിനെ ചെവിക്കൊൾകയും ചെയ്തു. വേലിയുടെ കോണുകളിൽ ചുററി നടന്നിരുന്ന ശ്വാനവീരന്മാരുടെ ഇടവിട്ടുള്ള കുരമാത്രമേ അവരുടെ ശ്രദ്ധയെ അല്പമായി വ്യതിചലിപ്പിക്കുന്നതിനുണ്ടായിരുന്നുള്ളു.

അന്നത്തെ പാരായണത്തിനു ക്രമഗതമായി വന്ന ഭാഗം ഐസയാസിൻെറ പ്രവചനങ്ങളായിരുന്നു. അതിൽ അയാൾ ഇപ്രകാരം വായിച്ചു നിറുത്തി:– "അതിനാൽ കൎത്താവുതന്നെ നിങ്ങൾക്കൊരു അടയാളം തരും. കണ്ടാലും! ഒരു കന്യക ഗൎഭം ധരിക്കയും, ഒരു പുത്രനെ പ്രസവിക്കയും, അവൻെറ പേർ എമ്മാനുവേൽ എന്നു വിളിക്കപ്പെടുകയും ചെയ്യും. തിന്മ ഉപേക്ഷിക്കുന്നതിനും നന്മ തിരിഞ്ഞെടുക്കുന്നതിനും അറിവാൻ വേണ്ടി അവൻ വെണ്ണയും തേനും ഭക്ഷിക്കും." ഇതിൻെറ ശരിയായ അൎത്ഥം ഗ്രഹിപ്പാൻ ശ്രോതാക്കൾക്കെന്നല്ല ശമുവേലിനുതന്നെയും കഴിഞ്ഞില്ല. എങ്കിലും രക്ഷകനായ എമ്മാനുവേൽ വെണ്ണയും തേനും ഭുജിക്കുമെന്നതു അവരെ അത്യധികം സന്തുഷ്ടി

പ്പെട്ടത്തി. 'ആട്ടിടയന്മാരോട്ട എമ്മാനുഃവലിനു ഏതൊ ക്രൂട്ടതൽ ബന്ധമുണ്ട് എന്നല്ലയൊ അതുകൊണ്ടു മനസ്സിലാക്കേണ്ടതു' എന്നു അവർ പരസ്പരം ഫരിതാൎത്ഥമായി ചോദ്യം ചെയ്തു. മിശിഹാ ദാവീദിൻെറ പുത്രനായിരിക്കുമെന്നു അന്വ്യത പ്രവചനമുള്ളതുകൊണ്ടും, ദാവീദ് ഒരു ആട്ടിടയനായിരുന്നതിനാലും മിശിഹായ്ക്കു അവരോട്ട ക്രൂട്ടതൽ ബന്ധമുണ്ടായിരിക്കുമെന്ന ഈ ഊഹം അസംഗതമല്ലെന്നു അവർ ഉപപാദനം ചെയ്തു. എന്നാൽ മിശിഹാ യഹൂദജനത്തിൻെറ റോമീയ പാരതന്ത്ര്യം ഉച്ചാടനം ചെയ്യുവാൻ ആഗതനാവുന്ന പ്രബലനായ ഒരു സമ്രാട്ടാണെന്നും, അദ്ദേഹത്തിൻെറ പ്രാഭവം അനിതരസാധാരണമായിരിക്കുമെന്നും, അപ്രകാരമുള്ള ഭുവനവിശ്രുതനായ ഒരു നൃപാലനുമായി എന്തു ബന്ധമാണ് കാൎയ്യമായുണ്ടാകുവാൻ തങ്ങൾക്കു സാധ്യമാകുന്നതെന്നും അവർ വിനയാനവിതം ചിന്തിക്കാതിരുന്നില്ല. എങ്ങിനെയും വിജാതീയരിൽനിന്നും തങ്ങളെ രക്ഷിപ്പാൻ ആഗാമിയായ അദ്ദേഹം വേഗം വരുവാൻ അവർ ഹൃദയംഗമമായി അപേക്ഷിച്ചു.

വിദേശ്യരുടെ ഭരണത്തേക്കുറിച്ചുള്ള സ്മരണ, അന്നു സകലത്ര സംഭാഷണവിഷയമായിരുന്ന ജനസംഖ്യയെട്ടപ്പിനേയും, അതേ സംബന്ധിച്ചു നടന്നിരുന്ന അത്ഭുതപൂൎവ്വമായ ബഹളങ്ങളേയും അവരുടേയും സംസാരവിഷയങ്ങളാക്കിത്തീൎത്തു. അന്നു സാമാനം വാങ്ങുവാൻ ബത്‌ലഹമ്മിൽ പോയിരുന്ന ശമൂവേലിൻെറ കനിഷ്ഠപുത്രനായ മൂശ സാവേശം ഇപ്രകാരം പറഞ്ഞു:-

"ഇന്നു ബത്‌ലേഹം കാണേണ്ട ഒന്നുതന്നെ! അമ്പോ എന്തു ബഹളം അവിടെ. ഞാൻതന്നെ അമ്പരന്നുപോയി. ഒരുനാഴികക്കിപ്പുറം കേൾക്കാം ജനാരവം. ആൾത്തിരക്കുകൊണ്ടു രാജപാതകളിൽക്കൂടി ഗതാഗതംതന്നെ പ്രയാസം. വീടുകളും സത്രങ്ങളും ഈച്ചക്കു കയറാൻ ഇടയില്ലാതായിട്ടുണ്ട്. പല ഭാഷക്കാർ! പല വേഷക്കാർ! യാത്രക്കാരുടെ ആരവം അതങ്ങനെ; വാഹനങ്ങളുടെ ഇരച്ചിൽ അതങ്ങനെ; വാഹനമൃഗങ്ങളുടെ നിലവിളി അതങ്ങനെ. ഒന്നും പറയേണ്ട. യരൂസലേമ്മിൽ പാസ്സ്കി

നുകൂടുകയില്ല ഇത്ര വളരെ ആരും!”

ശീതബാധയകററുവാൻ നെരിപ്പോടു പററിയിരുന്ന അയൽവാസിയായ അബിമലേക്ക മുഖം ഒരു വശത്തേക്ക അല്പം ഒടിച്ചിട്ടു മൂശയെ പിൻതാങ്ങി ഇപ്രകാരം തുടൎന്നു:-

“ശരിയാണേ; അവിടെ ഇന്നു പൂഴിവാരിയെറിഞ്ഞാൽ കീഴ്പ്പോട്ടു്പോകാത്തവിധമാണു് ആൾക്കൂട്ടം. കയറിക്കിടക്കാൻ സ്ഥലം കിട്ടാതെ സാധുക്കൾ അലഞ്ഞുതിരിയുന്നു. വീടുകളും സത്രങ്ങളുമെല്ലാം നിറഞ്ഞു കഴിഞ്ഞു. എത്രപേർ ഇന്നു വഴിയരികിൽകിടന്നുറങ്ങേണ്ടിവരുമെന്നറിഞ്ഞില്ല! കൈയിൽ കോപ്പും കട്ടിത്തവുമുള്ളവരെല്ലാം വീടുകളിൽ കയറിപ്പററി. പാവപ്പെട്ടവൎക്ക പെരുവഴിതന്നെ ആധാരം. അടിയും തൊഴിയും കിട്ടുന്നവരും കുറച്ചൊന്നുമല്ല. പട്ടാളക്കാരും ശിപ്പായിമാരും വേണ്ടതു്! ബഹളം കൂട്ടുവാനും, സാധുക്കളെ ഉപദ്രവിക്കാനുമല്ലാതെ അവരെക്കൊണ്ടു ഒന്നിനും പോരുന്നില്ല”

ശമുവേൽ അല്പം തത്വബോധത്തോടെ പറഞ്ഞു:- “അതെ, സാധുക്കൾക്ക എവിടെയും ദൈവംമാത്രമേ തുണയുള്ളൂ.”

മൂശ, അന്നു തനിക്ക അനുഭവപ്പെട്ട അനുകമ്പാജനകമായ ഒരു സംഭവമാണു് അനന്തരസംഭാഷണത്തിനു വിഷയമാക്കിയതു. അയാൾ ആ സംഗതി വിവരിക്കുവാൻതുടങ്ങി:—

“സാധുക്കളുടെ കഷ്ടത അവിടെ ഉന്നു എത്രമാത്രമായിരിക്കുമെന്നു പറയാതിരിക്കുകതന്നെയാണു് ഭേദം. ഞാൻ തെരുവിൽനിന്നു മടങ്ങുമ്പോൾ അപരിചിതരായ രണ്ടുപേർ-സ്ത്രീയും, പുരുഷനും-എന്റെ പക്കൽ വന്നു നമ്മുടെ മൊത്തക്കച്ചവടക്കാരൻ ഒത്തോനിയേലിന്റെ ഗൃഹം ഒന്നു കാണിച്ചുകൊടുക്കേണമെന്നു ആവശ്യപ്പെട്ടു. നസറത്തുകാരാണവർ. ഭാൎയ്യാഭൎത്താക്കന്മാരെപ്പോലിരിക്കുന്നുകണ്ടിട്ടു്. ഗൎഭിണിയായ സ്ത്രീ യാത്രാക്ലേശംകൊണ്ടു ഇശ്ശി വിഷമിച്ചിട്ടുണ്ടു്. ഒത്തോനിയേൽ അവരുടെ ഒരു ബന്ധുവാണത്രെ. വീടും, വീട്ടുടമസ്ഥനേയും ഞാൻ വേഗംതന്നെ കാണിച്ചുകൊടുത്തു. എന്നാൽ ഒത്തോനിയേൽ അവരെ കണ്ട ഭാവം നടിച്ചില്ല ഒന്നുരണ്ടു വീട്ടുകൂടി അവർ ആവശ്യപ്പെട്ടതനു

സരിച്ചു ഞാൻ കാണിച്ചുകൊടുത്തെങ്കിലും അവിടെയെങ്ങും സാധുക്കളായവൎക്കു പ്രവേശം ലഭിച്ചില്ല. അവരുടെ പരിഭ്രാന്തിക്കു ഒരതിരുമില്ലായിരുന്നു. നേരവും വളരെ വൈകി. ഞാൻ ഇങ്ങോട്ടുതന്നെ അവരെ ക്ഷണിച്ചു. പട്ടണത്തിനു വെളിക്കു തിരക്കാതെ ഗത്യന്തരമില്ലെന്നുവന്നപ്പോൾ അവർ എന്നെ പിന്തുടൎന്നു. എന്നാൽ യാത്രാക്ലേശംകൊണ്ടായിരിക്കാം, അധികം കഴിയുന്നതിനുമുമ്പ് അവർ എന്നോടു യാത്രപറഞ്ഞുനിന്നുകളഞ്ഞു. രാത്രി അതിക്രമിച്ചിരുന്നതിനാൽ ഞാനും താമസിച്ചില്ല."

ദീനദയാലുവായ ശമുവേൽ അനുകമ്പാപുരസ്സരം ഇങ്ങനെ പറഞ്ഞു: "കഷ്ട ! അവർ ഈ രാത്രി എവിടെ കഴിച്ചുകൂട്ടും! നിനക്കവരെ ഇങ്ങോട്ടു നിർബന്ധിച്ചുകൊണ്ടുപോരാമായിരുന്നില്ലേ?"

അബിമലേക്കാണതിനു സമാധാനം പറഞ്ഞത്. "ശമുവേൽ ചേട്ടാ, അങ്ങിനെ നോക്കാനില്ല; എത്രപേരാണ് ഇന്നു പെരുവഴികളിലും മരച്ചുവട്ടുകളിലും കിടന്നുറങ്ങുന്നതെന്നതിനു വല്ല കണക്കുമുണ്ടോ!

റോമാക്കാരോടു വിദ്വേഷം മൂത്തിരുന്ന സാമായി ഗൎജ്ജിച്ചു. "ഈ റോമൻ കടുവകളുടെ ഹുങ്കു എന്നു നിലയ്ക്കും എന്റെ യഹോവായേ! ഏതാനും നാടുകളിൽ കിടക്കുന്ന അനേകായിരം ജനങ്ങളെ ഇങ്ങനെ ഇട്ടു കാടോടിക്കാൻ മുതിൎന്ന ഇവരെ നാട്ടിൽനിന്നു....ങ്ങ്....ഹു."

സാമായി മുഴുവൻ പറഞ്ഞു തീൎന്നില്ല; ശമുവേൽ അയാളെ ഇപ്രകാരം തടഞ്ഞു. "ഛീ, അങ്ങനെ പറയരുത്. ജീവനിൽ നിനക്കു കൊതിയില്ലേ? കഴുത്തറുത്ത് കാട്ടുമൃഗങ്ങൾക്കവർ ഇട്ടുകൊടുക്കും."

'ഈ അനീതിയെല്ലാം അകററി, ഞങ്ങളെ ഉദ്ധരിക്കുന്നതിനു നീ അയപ്പാനിരിക്കുന്നവനെ അതിവേഗം അയച്ചുതരിക' എന്നിപ്രകാരം അവർ ദൈവത്തോടു ഹൃദയംകൊണ്ടു അപേക്ഷിച്ചു. സംഭാഷണം നിലച്ചതോടെ ഓരോരുത്തരായി നിദ്രയിൽ ലയിച്ചുതുടങ്ങി. ഭിത്തിയിൽ ചാരിയിരുന്നവർ അതിനരികിൽത്തന്നെ വളഞ്ഞുകൂടി ഒതുങ്ങിക്കിടന്നു കൂൎക്കമിട്ടു. നെരിപ്പോടു

മാററി പായ വിരിച്ചു തിണ്ണയിൽ ചരിഞ്ഞു മററു ചിലർ, കമ്പിളിപ്പുതപ്പുകൾക്കിടയിൽ പുതഞ്ഞു കിടന്നു മൂന്നാമത്തെ കൂട്ടർ. വേലി ചുററിനോക്കിനടന്നവരും ഉറക്കത്തിനുതന്നെ കോപ്പുകൂട്ടി. ഗ്രന്ഥമെടുത്തു മയത്തിൽ മടക്കി, ഉറയിലിട്ടു ഭദ്രമായ് കെട്ടി ശമുഃവലും കിടപ്പായി. (തുടരും.)

# രാജകുമാരിയുടെ സ്നേഹിതൻ.

(റവ. ജോസഫ് എം. ഏററുമാനൂക്കാരൻ. റോമ.)

സാധാരണ ഒരു വിശുദ്ധൻെറയൊ വിശുദ്ധയുടെയൊ ജീവചരിത്രം പത്രങ്ങളിലൊ മാസികകളിലൊ കണ്ടാൽ ആ വശം ഉടനെതന്നെ മറിച്ച് വേറെ ഭാഗങ്ങളിലേക്കു കടക്കുക യുവജനങ്ങളുടെ ഇടയിൽ സാധാരണ (fashion) യായിത്തീൎന്നിട്ടുണ്ട്. ഇതിനു കാരണങ്ങൾ പലതുണ്ട്. അതിൽ ഒന്ന് വിശുദ്ധന്മാർ നമ്മെപ്പോലെ സാധാരണക്കാർ അല്ലായിരുന്നുവെന്നുള്ള ഒരു ബോധമാണ്. എന്നാൽ വിശുദ്ധന്മാരിൽ പലരും നമ്മെക്കാൾ ബലഹീനരായിരുന്നുവെന്നു അവരുടെ ചരിത്രങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ട്. കൊടും പാപികളായിരുന്നവർ വിശുദ്ധന്മാരുടെയിടയിൽ സുലഭമാണ്. വിശുദ്ധരാകുന്നതിനായി വൈദികരൊ സന്യാസീസന്യാസിനികളൊ ആയിത്തീരണമെന്നുമില്ല. വി. മോനിക്കാ കന്യാവ്രതമനുഷ്ഠിച്ചിരുന്നെങ്കിൽ വി. സഭക്കു നിശ്ചയമായും ഒരു വലിയ 'മല്പാൻ' നഷ്ടപ്പെടുമായിരുന്നു. ഇത്രയും പറഞ്ഞതിൽനിന്നും ഏതു ജീവിതരീതിയെ ആശ്ലേഷിക്കുന്നവൎക്കും പുണ്യവാന്മാരായിത്തീരാമെന്നു മാത്രമെ ഗ്രഹിക്കേണ്ടതായുള്ളു. സിദ്ധന്മാരിൽ അത്ഭുതകൃത്യങ്ങൾ ചെയ്തിട്ടുള്ളവർ വളരെ ദുർല്ലഭമാണ്. എന്നാൽ അവരെല്ലാവരും സാധാരണ കൃത്യങ്ങൾ അസാധാരണ രീതിയിൽ ചെയ്തിട്ടുള്ളവരാണ്. അപ്രകാരം സാധാരണ കൃത്യങ്ങൾ അസാധാരണ രീതിയിൽ ചെയ്തിട്ടുള്ള ഹംഗേറിയിലെ വി. എലിസബത്തിൻെറ ജീവചരിത്രമത്രെ ഇവിടെ

വളരെ ചുരുക്കമായി പ്രസ്താവിക്കാൻ ഉദ്ദേശിക്കുന്നതു്.

ആൻഡ്രൂ, ജെർത്രൂദ് എന്ന രാജകീയ ദമ്പതിമാരുടെ അരുമസന്താനമായി വി. എലിസബത്തു് ൧൨൦൭-ൽ ഹംഗേറിയിലെ പ്രേസ്ബർഗ് (Presburg)ൽ ഭൂജാതയായി. അവളുടെ പിതാവു് ആൻഡ്രൂ രണ്ടാമൻ ഹംഗേറിയായിലെ രാജാവായിരുന്നു. സകലവിധ സുഖാനുഭവങ്ങൾക്കും സൌകര്യമുണ്ടായിരുന്ന ഒരു രാജസദനത്തിൽ ജനിച്ചുവെന്നതിനേക്കാൾ വേറെയും വിശുദ്ധന്മാരെ പ്രദാനംചെയ്യുന്നതിനു ഭാഗ്യം ലഭിച്ച ഒരു കുടുംബത്തിലെ അംഗമായിരുന്നുവെന്നുള്ളതാണു് വി. എലിസബത്തിനെസംബന്ധിച്ചിടത്തോളം പ്രസ്താവയോഗ്യമായിട്ടുള്ളതു്. സിലേസിയായിലെ ഹെയിൻറിക്ക് ഒന്നാമന്റെ പത്നിയായിരുന്ന വി. ഹെഡ്‌വിഗ്ഗും പോർത്തുഗാലിലെ ഡിനീസ്സ് രാജാവിന്റെ പത്നിയായിരുന്ന വി. എലിസെബെത്തും (ഇസെബെല്ലാ) നമ്മുടെ പുണ്യവതിയുടെ കുടുംബാംഗങ്ങളായിരുന്നു.

എലിസെബേത്തു് തുറിംഗിയായിലെ ലുദ്‌വിഗ്ഗിന്റെ സഹധർമ്മചാരിണീപദം സ്വീകരിച്ചു. പ്രശാന്തത, ആർദ്രത ആദിയായ സൽഗുണങ്ങളുടെ വിളനിലമായിരുന്ന വിശുദ്ധ, കുലചെലകംബേരഭേദമെന്യേ സകലരുടെയും സ്നേഹഭാജനമായി ഭവിച്ചതിൽ അത്ഭുതപ്പെടാനില്ലല്ലോ. വി. എലിസബെത്തു ഒരു മാതൃകാമാതാവും ഉത്തമപത്നിയും ആയിരുന്നു. അവൾ തന്റെ കുടുംബത്തെ സ്നേഹിച്ചിരുന്നതുപോലെതന്നെ തന്റെ ചുററിലുണ്ടായിരുന്ന സാധുജനങ്ങളെയും സ്നേഹിച്ചിരുന്നു. അവക്കു് എന്തെങ്കിലും സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനു അവൾ സദാ സന്നദ്ധയായിരുന്നുവെന്നു മാത്രമല്ല അതു തന്റെ കർത്തവ്യമാണെന്നു് കരുതുകയും ചെയ്തിരുന്നു. എലിസെബെത്തിനു ഹെർമാൻ, സോഫിയാ, ജെർത്രൂദ് എന്നു മൂന്നു സന്താനവല്ലികൾ സംജാതരായി. പിൽക്കാലത്തു് ആശ്രമാധിപയായിത്തീർന്ന ജെർത്രൂദ് അനിതരസാധാരണമായ ഭക്തിക്കു് പ്രശസ്തി സമ്പാദിച്ചിട്ടുണ്ടു്.

൧൨൨൭-ൽ കുരിശുയുദ്ധത്തിനായി പുറപ്പെട്ട എലിസെബത്തിന്റെ പ്രിയതമൻ മാർഗ്ഗമദ്ധ്യേ ദിവംഗതനാകുകനിമി

ത്തം വളരെ ചെറുപ്പത്തിലേതന്നെ അവൾ വിധവയായിത്തീൎന്നു. ശേഷിച്ച അവളുടെ ചുരുങ്ങിയ ജീവിതകാലം തന്റെ അമ്മായിയായിരുന്ന വി. ഹെഡ്‌വിഗ്ഗിനെപ്പോലെതന്നെ സാധുക്കളുടെയും അനാഥരുടെയും സംരക്ഷണാൎത്ഥം ചിലവഴിക്കുന്നതിനു അവൾ തീരുമാനിച്ചു. വിനാവിളംബം അവൾ വി. ഫ്രാൻസീസിന്റെ മൂന്നാം സഭയിൽ പ്രവേശിക്കുകയും പൂൎവ്വാപരിതീക്ഷ്ണതാപൂൎവ്വം ആതുരസംരക്ഷണം തുടരുകയും ചെയ്തു. ഇതിനിടക്കു നമ്മുടെ വിശുദ്ധ, മാർബർഗിലെ ഫ്രാൻസിസ്കൻ ആതുരമന്ദിരം പണികഴിപ്പിച്ചു. വി. എലിസബെത്തു് ഇങ്ങിനെ സാധുക്കളെ സംരക്ഷിക്കുന്നതിൽ ഏകശ്രദ്ധയായി ജീവിതം നയിച്ചുവരവെ തന്റെ ഇരുപത്തിനാലാമത്തെ വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു.

ഹംഗേറിയിലെ വി. എലിസബത്തിന്റെ ബാല്യകാലത്തെസംബന്ധിച്ച് പല ഐതിഹ്യങ്ങളുമുണ്ടു്. അവൾ ഒരു ബാലിക ആയിരിക്കയിൽ ദിവ്യരക്ഷകൻ ഒരു ബാലന്റെ വേഷത്തിൽ പ്രത്യക്ഷനായി അവളുടെ ബാലലീലകളിൽ സഹകരിച്ചിരുന്നുവത്രെ.

വി എലിസബെത്തിനേയും ഈ ചെറു ലേഖനത്തിൽ പേർ പറഞ്ഞിട്ടുള്ള മററു രണ്ടു പുണ്യവതികളെയുംപോലെ രാജകുടുംബാംഗങ്ങളായ വേറെയും ശുദ്ധിമതികളും ശുദ്ധിമാന്മാരുമുണ്ടു്. ഇതിൽനിന്നും അനാഥസംരക്ഷണം, ആതുരശുശ്രൂഷ ആദിയായ സുകൃതകൃത്യങ്ങൾ അനുഷ്ഠിക്കുന്നതിനു കുലീനതയും കുബേരപദവിയും ഒരുതരത്തിലും പ്രതിബന്ധങ്ങളല്ലെന്നും, പ്രത്യുത, അനുകൂലഘടകങ്ങളാണെന്നും വിശദമാകുന്നുണ്ടല്ലൊ. ഇന്നു നമ്മുടെ കേരളത്തിലും ഭാരതത്തിൽ പൊതുവെയും നിവൃത്തിമാൎഗ്ഗം കണ്ടുപിടിക്കേണ്ട സൎവ്വപ്രധാനമായ ഒരു പ്രശ്നമാണ് ജനസാമാന്യത്തിന്റെ അതിദാരുണമായ ദാരിദ്ര്യം. ഏതൽപരിഹാരാൎത്ഥം കത്തോലിക്ക യുവതീയുവാക്കന്മാർ സ്വീകരിക്കേണ്ട പ്രായോഗികപദ്ധതികളെപ്പററി ചുരുക്കമായി അടുത്തയൊരവസരത്തിൽ പ്രസ്താവിക്കണമെന്നുദ്ദേശിക്കുന്നതിനാൽ ആ വിഷ

യത്തിലേക്ക മനുഷ്യസമുദായസ്നേഹികളായ സകലരുടെയും ശ്രദ്ധയെ സാദരം ക്ഷണിച്ചുകൊണ്ടു ഈ ലേഖനം അവസാനിപ്പിച്ചുകൊള്ളുന്നു.

## സ്നേഹരാജനായ യേശു. (തുടര്‍ച്ച)

(റവ. ഫാദര്‍ സെറാഫിന്‍ ബെനഡിക്കററ്)

സിംഹാസനാരോഹണം എന്നാല്‍ എന്തു്? അകിന്റെ പ്രാധാന്യം.
അതു് ചെയ്യേണ്ടവിധം.

ഇക്കഴിഞ്ഞ ലോകമഹായുദ്ധാവസരത്തിലുണ്ടായ ദേവാലയങ്ങളുടെയും ജപമണ്ഡപങ്ങളുടെയും ഭയങ്കരനാശത്തെപ്പററി എത്രയോപേരാണു് വിവരിച്ചെഴുതുകയും ചിത്രങ്ങള്‍കൊണ്ടു വിശദീകരിക്കയും ചെയ്തിട്ടുള്ളതു്! അതേ, നിരവധി ദേവാലയങ്ങളും, സന്യാസാശ്രമങ്ങളും കപ്പേളകളും സൈന്യങ്ങളുടെ ആക്രമണങ്ങള്‍കൊണ്ടു തകരമാറായിപ്പോയി! അവയുടെ നാശം വലുതുതന്നെ. എന്നാല്‍ അവയേക്കാള്‍ എത്രയോ ആയിരം മടങ്ങു ശ്രേഷ്ഠമായ തിരുമണ്ഡപത്തിന്റെ-കുടുംബത്തിന്റെ-ധാര്‍മ്മിക നാശം എത്ര വലുതായിരിക്കും? ബസിലിക്കാകളും, ഭദ്രാസനദേവാലയങ്ങളും എത്രതന്നെ ബൃഹമാണ്ഡങ്ങളും മനോഹരങ്ങളും ആദരോല്പാദകങ്ങളുമായിരുന്നാലും, അവ ലോകത്തെ ഉദ്ധരിക്കയില്ലെന്നുള്ളതു നിസ്തര്‍ക്കമായ ഒരു വാസ്തവമാണു്. കുടുംബങ്ങളോ എന്നാല്‍ ഈ കൃത്യം ശരിയായി നിര്‍വ്വഹിക്കുകതന്നെ ചെയ്യും. ഇതു ന്യായമായ ഒരു മൂലപ്രമാണമാണു്. എന്തുകൊണ്ടെന്നാല്‍ കുടുംബം ശിശുവിന്റെ ജീവനിദാനവും പ്രഥമ പാഠശാലയുമാകുന്നു. എന്നിരിക്കെ ആ നിദാനം വിഷസങ്കലിതമായിപ്പോകുന്നുവെങ്കില്‍ രാജ്യം ഒട്ടുക്കു നശിക്കുകതന്നെ ചെയ്യും. ആകയാല്‍ ഞങ്ങളുടെ ഈ സംരംഭത്തിന്റെ ഉദ്ദേശ്യം, ആത്മീയോപകാരപ്രദമായ വിദ്യാഭ്യാസത്തിന്റെ മൂലപ്രമാണങ്ങളെ ശാശ്വതശാന്തിസമ്പന്നനായ യേശുവിന്റെ തൃസ്സാന്നിദ്ധ്യത്തോടുകൂടി കുടുംബങ്ങളില്‍ പ്രവേശിപ്പിക്കുകയും ആ ദിവ്യന്‍ കുടുംബ

ത്തിന്റെ തായിത്തടിയായി നിന്ന് വരപ്രസാദമാകുന്ന പോഷകാംശങ്ങളെ ബാക്കിയുള്ള അംഗങ്ങളിൽ ചെലുത്തി പുണ്യപുഷ്പങ്ങളെയും ഫലങ്ങളെയും ഉല്പാദിപ്പിക്കണം എന്നുള്ളതു മാത്രമാകുന്നു.

ആകയാൽ, സിംഹാസനാരോഹണം എന്നതുകൊണ്ടു ചുരുക്കത്തിൽ മനസ്സിലാക്കേണ്ടതു് ഇത്രയുമാണ്: സ്നേഹരാജനായ യേശു ഓരോ കുടുംബത്തിന്റെയും വാതില്ക്കൽ വന്നിട്ടു അതിൽ അവിടുത്തേക്കുള്ള സ്ഥാനം നൽകുവാൻ ആവശ്യപ്പെടുന്നു; ഈ സ്ഥാനം ദൈവികാധികാരത്താൽ തനിക്കുള്ളതാണ്, ഇതു് ഒരിക്കൽ ബഥാന്യയിലെ ആ വിനീത കുടുംബം അദ്ദേഹത്തിനു നൽകീട്ടുള്ളതുമാണ്. അതു ഒരു ബഹുമാന്യ സ്ഥാനമാകുന്നു. എന്തുകൊണ്ടെന്നാൽ അവിടുന്നു എന്നും രാജാവത്രെ. ഇനിയും അവിടുന്നു സ്നേഹത്താൽ പിടിച്ചടക്കി ലോകത്തെ ആസകലം ഭരിക്കയും ചെയ്യും. അതു അവിടുത്തേക്കു ഏററം പ്രിയങ്കരമായ ഒരു വാസസ്ഥാനവുമാകുന്നു. അവിടെ ഒരു സ്നേഹിതനായി വർത്തിക്കണമെന്നാണ് അവിടുത്തെ അഭിവാഞ്ഛ. ചുരുക്കിപ്പറഞ്ഞാൽ സിംഹാസനാരോഹണം, നാം നമ്മുടെ കുടുംബങ്ങളിൽ തന്നെ യേശുവിനോടുകൂടെ വസിക്കേണ്ടതെങ്ങനെയെന്നു നമ്മെ പഠിപ്പിക്കുന്നു.

എങ്കിലും ഹ! കഷ്ടമേ! യേശു എത്ര അല്പമായിട്ടുമാത്രമാണ് അറിയപ്പെട്ടിട്ടുള്ളതു? തദ്വാരാ അവിടുന്നു എത്ര അല്പമായിട്ടുമാത്രമാണ് സ്നേഹിക്കപ്പെടുകയും ചെയ്യുന്നതു്!.... ക്രിസ്ത്യാനികൾ എന്നു സ്വയം പ്രശംസിക്കുന്ന ഭൂരിപക്ഷം പേരും അദ്ദേഹത്തെ ഭയപ്പെടുന്നു. എന്നാൽ അദ്ദേഹത്തിൽനിന്നു വളരെ അകന്നാണ് അവരുടെ നില.... അവർ അവരുടെ അധരങ്ങൾകൊണ്ടല്ലെങ്കിലും പ്രവൃത്തികൾകൊണ്ടു അദ്ദേഹത്തോടു പറയുന്നതു ഇപ്രകാരമാണ്: "ഓ കർത്താവേ! അങ്ങ് ഞങ്ങളുടെ കുടുംബജീവിതത്തോടു പലപ്പോഴും ഇടപെടുകയാണെങ്കിൽ ഞങ്ങൾക്കു ഞങ്ങളുടെ തന്നിഷ്ടംപോലെ ജീവിക്കാൻ സാധിക്കയില്ല; ആകയാൽ അങ്ങ് സക്രാരിയിൽതന്നെ ഇരുന്നുകൊൾക; അ

ങ്ങ് ഞങ്ങളോടു അത്ര അടുത്തുവരികയോ ഞങ്ങളോടു സംസാരിക്കുകയോ ചെയ്യേണ്ട; അങ്ങനെ ചെയ്താൽ ഞങ്ങൾ ഭയത്താലെ മരിച്ചുപോയേക്കും."

ഇങ്ങനെയാണ് യഹൂദജനങ്ങൾ യഹോവായോടു പറഞ്ഞിരുന്നതു്. അവിടുത്തെ മക്കൾ അവരുടെ പിതാവും പാലകനുമായ അദ്ദേഹത്തോടു ഇന്നും പറഞ്ഞുവരുന്നതും ഇങ്ങനെതന്നെ! യേശുവിൽ, എത്രയും മാധുര്യവാനും സൗമ്യനും സൽഗുണനും ശാന്തനും, 'തൻെറ ആനന്ദം മനുഷ്യമക്കളോടുകൂടിയിരിക്കുന്നതിലാകുന്നു.' (സുഭാഷിതം വ. ൩൧.) എന്നു അരുളിച്ചെയ്തിട്ടുള്ളവനുമായ നമ്മുടെ രക്ഷകനെ കാണാതിരിക്കേണ്ടതിനു നാം ഭഗീരഥപ്രയത്നംതന്നെ ചെയ്യുന്നു. അദ്ദേഹം അവിടുത്തെ മർത്ത്യജീവിതകാലത്തു പാപികളുടെ വീട്ടിൽ താമസിക്കുന്നതിനും, കാനായിലെ വിവാഹവിരുന്നിൽ പങ്കുകൊണ്ടു അവരെ അനുഗ്രഹീതരാക്കുന്നതിനും ഇഷ്ടപ്പെട്ടിരുന്നു. നമ്മുടെ ജീവിതത്തിൽ അതിൻെറ സകല ക്ലേശങ്ങളോടുംകൂടി പങ്കുകൊള്ളുന്നതു അവിടുത്തെ ദിവ്യഹൃദയത്തിനു ഏററം പ്രിയങ്കരമാണെന്നു നമ്മെ മനസ്സിലാക്കുവാൻ അവിടുന്നു ഉപയോഗപ്പെടുത്തിയ അനേകായിരം ആകർഷണീയോപകരണങ്ങളിൽ ഒന്നുരണ്ടുമാത്രമാണിവ. എന്നിട്ടും നാം ആ സ്നേഹരാജനെ നമ്മുടെ കുടുംബങ്ങളിൽ പ്രവേശിപ്പിക്കയില്ലെന്നു വയ്ക്കുന്നതു കഷ്ടാൽ കഷ്ടതരമല്ലയോ?

അവിടുത്തെ സ്വീകരിക്കുവാൻ നാം അയോഗ്യരാകുന്നുവെന്നാത്രെ നമ്മിൽ ചിലർ പറയാറുള്ള ഒഴികഴിവു്! ഇതെന്തൊരു മൂഢത്വമാണ്! സുവിശേഷത്തിൽ പറയപ്പെടുന്ന ആ സഖേവൂസ്—തൻെറ കൗതുകം തീർക്കാനായിമാത്രം യേശുവിനെ ഒരു നോക്കു കാണണമെന്നുവച്ച് അദ്ദേഹം കടന്നുപോയ വഴിയിൽ കാത്തുനിന്നിരുന്ന ആ സഖേവൂസ്— കർത്താവിനെ ഒരു അതിഥിയായിട്ടെങ്കിലും സ്വീകരിക്കുന്നതിനു യോഗ്യനായിരുന്നുവെന്നാണോ നിങ്ങൾ വിചാരിക്കുന്നതു്? നമ്മെപ്പോലെ, മർത്ത്യതയുടെ ബലഹീനതകൾക്കു വശഗരായിരുന്ന ആ കാനായിലെ സ്ത്രീയും, സമേരിയാക്കാരിയും, ഫരിസ്യനായ സീമോനും ഈദൃശന്മാരായ

മററു പലരും യേശുവിനെ ഒരു നോക്കു കാണുന്നതിനുപോലും യോഗ്യരായിരുന്നുവെന്നാണോ നിങ്ങളുടെ ധാരണ? ഇല്ല, അവരിൽ ഒരുവൻപോലും യോഗ്യനായിരുന്നില്ല. അവർ ആ ദിവ്യഗുരുവിൻെറ കരുണാമസൃണമായ സ്നേഹത്തിൽ വിശ്വസിക്കയും, തങ്ങളുടെ കുടുംബത്തിൽ എഴുന്നെള്ളാമെന്നുള്ള അവിടുത്തെ വിലയേറിയ സമ്മതത്തെ പരമാത്മബുദ്ധിയോടുകൂടി സ്വീകരിക്കയുമത്രെ ചെയ്തതു്. രക്ഷകനായ യേശുവിൻെറ കരുണക്കു വിഷയീഭവിച്ച ആ ക്ലേശിത മനുഷ്യർ—ആ ദൗർഭാഗ്യർ—എത്രയോ ഭാഗ്യശാലികളായി പരിണമിച്ചു? എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിൻെറ പ്രവേശനത്തോടെ എത്രയോ കുടുംബങ്ങളിലും ആത്മാവുകളിലുമാണു് രക്ഷയും, സമാധാനവും മാനസാന്തരവും പ്രവേശിച്ചതു് !! "ഇന്നു ഈ കുടുംബത്തിനു രക്ഷയുണ്ടായിരിക്കുന്നു" (ലൂക്കാസ് ൧൯. ൯) എന്നല്ലയോ അവിടുന്നു സഖേവൂസിനോടു അരുളിച്ചെയ്തതു! എന്നിരിക്കെ, 'ഞങ്ങൾ അയോഗ്യരാകുന്നു' എന്നു പറഞ്ഞു പിൻമാറുന്നവരുടെ മൗഢ്യത്തെക്കുറിച്ചു എന്തു പറഞ്ഞാൽ മതിയാവും? സകല പ്രാഭവങ്ങളുടെയും മഹത്വങ്ങളുടെയും ദൈവം, തൻെറ രാജോചിത വസ്ത്രങ്ങളെല്ലാം അങ്ങു മാററിവച്ചിട്ടു നമ്മെ അടുക്കലേക്കു വിളിക്കുകയും, നമ്മെ സ്വീകരിക്കാനായിട്ടു കൈകൾ നീട്ടുകയും ചെയ്തിട്ടും നാം അകലത്തുതന്നെ നിന്നുകൊണ്ടു "അങ്ങു് ദൈവവും രാജാവുമാകുന്നു തന്നിമിത്തം അങ്ങു് അകന്നുനിന്നുകൊള്ളണം" എന്നു പറയുന്നതു് സാക്ഷാൽ ലജ്ജാകരമായ അവിശ്വാസംതന്നെയല്ലയോ? എന്തുനന്മയും നല്കുവാൻ ശക്തിയും നന്മനസ്സുമുള്ള ഒരു രക്ഷകനുണ്ടായിരുന്നിട്ടും 'ആ രക്ഷകൻ അത്യുന്നതമായ ബഹുമാനം അർഹിക്കുന്നുവെന്നും, അതു കാണിക്കുവാൻ നാം അശക്തരാകുന്നു' എന്നുമുള്ള വ്യാജേന അദ്ദേഹത്തിൽനിന്നു അകന്നു നില്ക്കുന്ന കള്ളക്രിസ്ത്യാനികളുടെ എണ്ണം എണ്ണിയാലൊടുങ്ങുമോ?

യേശുവിനോടു കാണിക്കേണ്ടതായ ബഹുമാനം സ്നേഹത്തിൻെറ ഒരു പ്രത്യക്ഷീകരണമത്രെ. അതു ബാഹ്യദൃഷ്ടിക്കുമാത്രം മര്യാദയായി തോന്നിക്കുന്ന ഒരു ആദ്ധ്യനടപടിയായിരിക്കരു

ത്തു്. യേശു അവിടത്തെ മനുഷ്യാവതാരംകൊണ്ടും ദിവ്യകാരുണ്യ
സ്ഥാപനംകൊണ്ടും അകലത്തെ നിഹനിച്ചിരിക്കുന്നതിനാൽ,
അകന്നുനില്ക്കുന്നതു സാക്ഷാൽ ബഹുമാനമല്ല എന്നു അവിടുന്നു
തന്നെ പ്രസ്പഷ്ടമാക്കിയിരിക്കുന്നുവെന്നുവേണം വിചാരിക്കുവാൻ.
മാത്രമോ? ഈ രണ്ടു മഹൽകൃത്യങ്ങൾക്കുശേഷം യഹൂദന്മാർ ദ്ദൂ
രെ നിന്നു വിറയലോടുകൂടി സമർപ്പിച്ചിരുന്ന ആരാധനയെ അ
തിലംഘിക്കുന്ന സമഗ്രവും പരിപൂർണ്ണവുമായ ആരാധനയെയ
ത്രെ അവിടുന്നു ആവശ്യപ്പെടുന്നതു്. എങ്കിലും തങ്ങൾ സ്വീകരി
ച്ചിരിക്കുന്ന ജ്ഞാനസ്നാനത്തിനു തൊലിയുടെ ആഴംമാത്രമുള്ളവ
രും, അന്തരംഗത്തിൽ യഹൂദരും അത്യധികമായ ഭയത്തിൽ ജീ
വിക്കുന്നവരുമായ ക്രിസ്ത്യാനികൾ എത്ര അസംഖ്യം! യേശു അ
വരെ സ്നേഹസമന്വിതം "എന്റെ കുഞ്ഞുമക്കളേ" എന്നും "എ
ന്റെ സ്നേഹിതന്മാരേ" എന്നും വിളിച്ചാൽ അവർക്കു അതിങ്കൽ
യാതൊരാകർഷണവും തോന്നുന്നില്ല. ആ സ്നേഹത്താൽ പ്രേരിത
രായിട്ടെന്നതിനെക്കാൾ ഭയംകൊണ്ടു അവർ മരിക്കും! നേരെമറി
ച്ചു എന്നോടു ആരെങ്കിലും ഇതേപ്പററി ചോദിക്കയാണെങ്കിൽ
ഞാൻ അവരോടു ആവർത്തിച്ചുപറയുന്ന മറുപടി ഇതായിരിക്കും:
"മോസസ്സും മററു ദീർഘദർശികളും മൗനമായിരിക്കട്ടെ; അവരുടെ
സ്വരം വളരെ ശ്രുതിമധുരമാണെങ്കിലും നിത്യജീവന്റെയും സ്നേ
ഹത്തിന്റെയും വചനങ്ങളെ അടക്കിക്കൊള്ളുന്ന യേശുനാഥാ,
അങ്ങയുടെ സ്വരമാണു് അവരുടേതിനെക്കാൾ ഗാഢമായി എ
ന്നെ ആകർഷിക്കുന്നതു്. ആകയാൽ സാക്ഷാൽ രക്ഷകനും, സ്നേ
ഹങ്ങളുടെ സ്നേഹവും, ദൈവപുത്രനും, മരിയസൂനുവുമായ യേശു
വേ, അങ്ങയെ ഞാൻ പ്രസംഗിക്കേണ്ടതിനു അങ്ങെ സ്വരം
ഞാൻ കേൾക്കട്ടെ."

---

## ഒരു സ്മരണ.

(വിദ്വാൻ, എം. ഒ. അവറ.)

1) മാനാധികപ്രഥിമയോൻ വിശ്രുത ശാന്ത-
സ്ഥാനാഖ്യയാൽ "സൂതിരുഹൃത്തി"തി കീർത്തിപൊങ്ങി

ചേലാന്ന "തേവരെ" വിളങ്ങിടുമാംഗ്ലപാഠ-
ശാലാന്തരേ ചിലദിനം ഗുരുനാഥനായ് ഞാൻ.

2) പാരം പ്രശസ്തി കുറയുന്നൊരു നാട്ടുഭാഷാ-
ഭാരത്തിൽ മുൻഷിപദമാന്നുവസിക്കിലും താൻ,
ക്രൂരാട്ടുവഷമുടനൊന്നരപോക്കിയുള്ളോ-
രാരമ്യശോഭനദിനം സ്മരണീയമാവാം.

3) എന്നാൽ തദീയഭരണാധികൃതക്കുമെന്നോ-
ടൊന്നിച്ചിരുന്ന വിരുതുള്ളിതരാംഗകക്കും,
അന്നാളിൽ, വിട്ടുപിരിയുമ്പൊഴുതുള്ളിലേറെ-
ക്കനിച്ച സൗഹൃദമൊരല്പമിതാകഥിക്കാം.

4) പുലരിവനിതപുത്തൻകുങ്കുമം വാരിയെണ്ണാ-
കുളവിപുലസരിത്തിന്നൂമ്മിഹസ്തത്തിലിട്ടും,
കളരവമൊട്ടുമപ്പോളാനദിത്തയ്യലേകും.
കുളിരണിമൃദുവാതംമെല്ലെയേററുല്ലസിച്ചും,

5) ഉദയരവികരത്താൽ മന്ദമായ് "തേവര"പ്പൂ-
ന്തുകളൊളിവിലസിക്കൊണ്ടന്തരീക്ഷേ വിളങ്ങും
"തിരുഹൃദയസുവിദ്യാശാല"യേയും വിശ്രുതാ-
ശ്രമപദമതിനേയും പൊൻപൊടിപ്പൂച്ചണിഞ്ഞും,

6) വിലസുമൊരുപ്രഭാതത്തിങ്കൽവന്നാഢ്യമായ് ഞാ-
നവിടെയധികഭാഗ്യാൽ തോഷമുൾക്കൊണ്ടണഞ്ഞു,
മനമതിലധികാഹ്ളാദം വളർത്തും പ്രശാന്ത-
സ്ഥിതിയവിടെയവാച്യം തന്നെയാണില്ല വാദം.

7) ഇഹ "തിരുഹൃദയാ"ഖ്യം പള്ളിതൻ ദക്ഷിണത്തിൽ
നിലവിശദമതായ് മൂന്നുള്ള ഹൈസ്ക്കൂളരമ്യം;
വിലസിന "പെറുപുഷ്പാഭിഖ്യമുദ്രാലയം" പിന്നാ-
തിനരികിലിരിക്കുന്നുണ്ടിതാ 'നെയ്ത്തുശാലാ'.

8) അതിനരികിലിരിപ്പൂ 'പ്രൈമറിസ്കൂളു 'ബോർഡി-
ങ്ങ്'തിനരികിലടുത്തീ "ഹാർബറിൻ" തെക്കുഭാഗം,
ഇതുവിധമതിമോടിക്കൊക്കുമാഹ്ലാദരമ്യ-
സ്ഥലമധികമനോജ്ഞം ശിഷ്ടവാസാൽ പ്രശസ്തം.

9) മഹിമയൊടുഗഭീരപ്രൗഢിചേർന്നുക്കബുദ്ധി-
ക്കനവരതമെഴുന്നാൽച്ചിന്തകൻ സ്മേരവക്ത്രൻ,
അനുപമഗുണമാളും നല്ല മാനേജർ, കാര്യ-
പ്രകടപടു, വിദഗ്ദ്ധൻ മാന്യ ഹെഡ്മാസ്റ്റർ താനും.

0 ) ഗുണമുടയ "നടേശാ"ദ്യുത്തമാദ്ധ്യാപകന്മാ-
രനുസരണമനല്പം ചേർന്ന ശിഷ്യാഗ്ര്യവർഗ്ഗം,
ഇവരുടെ മഹനീയാനല്പസാന്നിദ്ധ്യമെന്നെ-
പ്പുതിയൊരു പരമാഹ്ലാദത്തിൽ നന്നായമഴ്ത്തി.

11) വിവിധതരരസത്താൽ സോദരസ്നേഹഭാര-
ത്തൊടുമനുപമശാന്തസ്ഥാനമാമസ്ഥലം മേ,
പഴയഗുരുകുലത്തെച്ചിത്തതാരിൽ സ്മരിക്കു-
ന്നതിന്നൊരു പരമാദർശമായ്ത്തന്നെ തീർന്നു.

12) പിന്നീടു ഞാൻ വിട്ടുപിരിഞ്ഞിടുമ്പോ-
ളദ്ധ്യാപകന്മാരൊടുമൊത്തു ശിഷ്യർ,
വേണ്ടുംവിധം നന്ദിപറഞ്ഞു യാത്ര-
യയച്ചു, പൊങ്ങും സഹതാപപൂർവ്വം.

13) മാല്യം, പ്രശസ്താകൃതി ചേർന്ന ഫൌണ്ടൻ-
പേനാ, തുടങ്ങീട്ടുപഹാരമേകി,
മാനേജരാദ്ധ്യാത്മികതത്വബുക്കൊ-
ന്നോറം കനിഞ്ഞൻപൊടെനിക്കു നല്കി.

ഡിസമ്പർമാസത്തെ

# പൊതുനിയോഗം.

### കത്തോലിക്ക മതപഠനം

നമ്മുടെ വിശ്വാസസംരക്ഷണത്തിനു മതപഠനം എത്ര മാത്രം ആവശ്യമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. കത്തോലിക്കമതത്തെക്കുറിച്ചു യാതൊരു ജ്ഞാനവുമില്ലാത്ത അകത്തോലിക്കരുടെ ചോദ്യങ്ങൾക്കു ശരിയായ മറുപടി നൽകുന്നതിനും അവരെ കത്തോലിക്ക മതത്തിലേക്കു ആകർഷിക്കുന്നതിനും മതപഠനം അത്യാന്താപേക്ഷിതമാണ്. തങ്ങൾക്കു ഇല്ലാത്തതു് മറ്റൊരുത്തന് കൊടുക്കുവാൻ സാധിക്കുന്നതല്ലല്ലൊ. നമ്മുടെയും മറ്റുള്ളവരുടെയും രക്ഷക്കുവേണ്ടി പ്രയത്നിക്കാൻ ചുമതലക്കാരായ നാം മതപഠനത്തിൽ ഉത്സുകരായിരിക്കേണ്ടതാണ്. "കർത്താവേ, എല്ലാം അറിയുകയും നിന്നെ അറിയാതിരിക്കുകയും ചെയ്യുന്ന മനുഷ്യൻ നിർഭാഗ്യവാനാകുന്നു; എന്നാൽ നിന്നെ അറിയുകയും മറ്റു സമസ്തവും അറിയാതിരിക്കുകയും ചെയ്യുന്നവനോ എത്ര ഭാഗ്യശാലി," എന്നാണ് വി. ആഗുസ്തീനോസ് പറഞ്ഞിരിക്കുന്നതു്. അതുകൊണ്ടു കത്തോലിക്കമതപഠനം എല്ലായിടത്തും ശരിയായി നടക്കുവാൻവേണ്ടി തിരുഹൃദയസഭക്കാർ ഈ മാസത്തിൽ സവിശേഷം പ്രാർത്ഥിക്കേണ്ടതാണ്.

---

14) ഹേ! വത്സവിദ്യാർത്ഥികളേ! സുഹൃത്വം
പാലിച്ചൊരദ്ധ്യാപകരെ! വിശേഷാൽ
പ്രശസ്തരാം വൈദികവര്യരേ! ഞാൻ
നിങ്ങൾക്കു ഭവ്യത്തിനു നേർന്നിടുന്നു.

15) നിങ്ങൾക്കുമിത്തുംഗപദത്തിലുള്ള-
സൽസ്ഥാപനത്തിന്നുമനന്തകാലം
സന്മംഗളം നൽകീടുമീശ,നീ ഞാൻ
കൃതജ്ഞനായ് നന്ദിയുരച്ചിടുന്നു.

# കുറിപ്പുകൾ.

അടുത്തിരിക്കുന്ന ക്രിസ്തുമസ്സിനു ഞങ്ങളുടെ മാന്യവായനക്കാർക്കും മാസികയുടെ ഗുണകാംക്ഷികളായ സകലർക്കും മംഗളം ആശംസിച്ചുകൊള്ളുന്നു.

ഈ മാസത്തിൽ നടക്കുന്ന കൊൺസിസ്റ്ററി യോഗത്തിൽവെച്ചു പല പുതിയ കർദ്ദിനാളന്മാരുടെ നിയമനങ്ങൾ നടക്കുവാനിടയുണ്ട്. ഇതേവരെ പേർ പ്രഖ്യാപനം ചെയ്യിട്ടില്ലാത്ത രണ്ടു കർദ്ദിനാളന്മാർ ഉൾപ്പടെ ആകെ ൬൮ കർദ്ദിനാളന്മാരാണ് ഇപ്പോഴുള്ളത്. ൭൦ അംഗങ്ങൾ അടങ്ങിയതാണ് പൂർണ്ണമായ കർദ്ദിനാൾ സംഘം. ആകയാൽ പുതിയ ൨ൻ കർദ്ദിനാൾ സ്ഥാനങ്ങൾക്കു ഒഴിവുണ്ടെന്നു സ്പഷ്ടം. നാമപ്രഖ്യാപിതരായ ഇപ്പോഴത്തെ ൬൮ൻ കർദ്ദിനാളന്മാരിൽ ൩൮ പേർ ഇറ്റാല്യന്മാരാണ്. കർദ്ദിനാൾ ബൽമോണ്ടിയാണ് ഇപ്പോൾ ജീവിച്ചിരിപ്പുള്ള കർദ്ദിനാളന്മാരിൽ ഏററം പ്രായംക്രടിയ ദേഹം. അവിടുത്തേയ്ക്കു ഇപ്പോൾ ൮൪ വയസ്സു പ്രായമുണ്ട്.

കെൻറു പ്രഭുവിൻെറ പുത്രനെ ഈ നവമ്പർ ൨൦-ാം തീയതി ബക്കിങ്ങാം ചാപ്പലിൽവെച്ചു ജ്ഞാനസ്നാനപ്പെടുത്തിയിരിക്കുന്നു. ജ്ഞാനസ്നാനത്തിനു യോർദ്ദാൻ നദിയിലെ ജലമാണ് ഉപയോഗിച്ചതെന്നു കാണുന്നു. കുട്ടിയുടെ പേർ എഡ്വേർഡ് ജോർജ്ജ് നിക്കോളാസ് പാട്രിക്ക് എന്നാണ്.

മാർപ്പാപ്പാ തിരുമനസ്സിലെ വൈസ് ചെയിംബർലെനും ഒരു പ്രഭുവുമായിരുന്ന റവ. ബോണപ്പാ തൻെറ ൮൦-ാമത്തെ വയസ്സിൽ ഇയ്യിടെ നിര്യാതനായിരിക്കുന്നു. ഈ രാജകുമാരൻ രണ്ടു തവണ വിവാഹം കഴിക്കുകയും ഭാൎയ്യ മരിക്കുകയും ചെയ്തതിൻെറശേഷം ൫൦-ാമത്തെ വയസ്സിൽ വൈദികപ്പട്ടം സ്വീകരിച്ചു എന്നാണ് കാണുന്നത്.

ഇററാല്യന്മാർ ഇതുവരെ അബ്സീനിയായിൽനിന്നു പന്തീരായിരം ചതുരശ്രനാഴിക സ്ഥലം പിടിച്ചടക്കിയിട്ടുണ്ടത്രെ. കൊല്ലപ്പെട്ടവരും മുറിവേററവരുമായി അയ്യായിരത്തിൽപരം യോദ്ധാക്കളുണ്ടായിരിക്കുമെന്നു പൂൎവ്വാപരവിരുദ്ധങ്ങളായ റിപ്പോൎട്ടുകളിൽനിന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. സൎവ്വരാജ്യസഖ്യത്തിൻെറ നിശ്ചയപ്രകാരം, സഖ്യാംഗങ്ങളായ ൫൦ രാജ്യക്കാർ ഇററലിയിൽനിന്നു സാമാനങ്ങൾ വാങ്ങുകയോ ഇററലിക്കു ചില പ്രത്യേക ചരക്കുകൾ വില്ക്കുകയോ ചെയ്യാൻ പാടില്ലെന്നുള്ള ചട്ടം നവമ്പർ ൧൮-ാം തീയതിയാണ് നടപ്പിലാ

കിത്തുടങ്ങിയതു്. ഇതു അന്യായമെന്നു ചൂണ്ടിക്കാണിച്ചുകൊണ്ടു സഖ്യാംഗങ്ങളായ സകല രാജ്യക്കാർക്കും ഇററലി പ്രതിഷേധലേഖനങ്ങൾ അയച്ചിട്ടുണ്ടു്. ആ രാജ്യക്കാരുടെ ചരക്കുകൾ ഇററലിയിൽ ഇറക്കുമതി ചെയ്യാൻ പാടില്ലെന്നു ഇററലിയും ഒരു നിയമം ഏർപ്പെടുത്തിയിരിക്കുന്നു. അനുശാസനാ നടപടികളെ ക്ഷമയോടെ അഭിമുഖീകരിക്കണമെന്നു ഇററലിയിൽ ഔദ്യോഗികമായി വിജ്ഞാപനം ചെയ്തിരിക്കുന്നു. ഇററലിയുടെ സാമ്പത്തികസ്ഥിതി നന്നാക്കുന്നതിനായി ഇററലിയിലെ സ്ത്രീകൾ അവരുടെ വിവാഹമോതിരം മുസോളിനിക്കു അയച്ചുകൊടുത്തിരിക്കുന്നു. ഇതു നിമിത്തം ഒന്നരക്കോടി പവൻെറ സ്വത്തുക്കൾ ഇററാലിയൻ ഖജനാവിൽ വന്നുചേരുന്നതാണു്. തീവണ്ടി വഴിക്കും ലോറി വഴിക്കും ധാരാളം യുദ്ധസാമഗ്രികൾ അബ്സിനിയായിൽ വന്നു ചേന്നിരിക്കുന്നു.

അബ്സീനിയൻ ഇററാല്യൻ വിവാദം സന്ധിയിൽ കലാശിപ്പിക്കാൻവേണ്ടി കൂടിയ സർവ്വരാജ്യസഖ്യത്തിൻെറ യോഗങ്ങളിൽ പ്രസംഗിച്ചവരിൽ ഒരാൾ മാത്രമേ പ്രസംഗമദ്ധ്യേ ദൈവത്തിൻെറ നാമം ഉച്ചരിക്കുകയുണ്ടായുള്ളുവെന്നു ആ പ്രസംഗങ്ങളെല്ലാം ശ്രവിച്ചുകൊണ്ടിരുന്ന മിസ്സിസ്സ് ലൗഫ്ടൺ മാത്യൂസ് എന്ന ഒരു സ്ത്രീ എഴുതുന്നു. പ്രസംഗമദ്ധ്യേ ദൈവനാമം ഉച്ചരിച്ച ആ രാജ്യതന്ത്രജ്ഞൻ ഐറിഷ് പ്രസിഡണ്ടായ മി. ഡിവാലരായായിരുന്നു.

കൊച്ചീ തുറമുഖപ്പണിയുടെ നാലാം ഘട്ടത്തിൻെറ ഉൽഘാടനം ജനുവരി ൰൫-ാം തീയതി മഹാരാജ വ തിരുമനസ്സുകൊണ്ടുതന്നെ നിവ്വഹിക്കുന്നതാണു്.

തെക്കൻ തിരുവിതാംകൂറിൽ കന്നി ൰൯-ാം തീയതിമുതൽ തുലാം അവസാനംവരെ ൨൫൦൦ പേർ വിഷൂചിക ബാധിച്ചു മരിച്ചതായി കണക്കു കാണുന്നു.

തെക്കേ്കുട്ടശ്ശേരി പള്ളി ഇടവക കോച്ചേരി അന്തോനി അവിര ആഗസ്റ്റ് ൰൪-ാം തീയതി അന്ത്യകൂദാശകളെല്ലാം ഭക്തിപൂർവ്വം കൈക്കൊണ്ടു ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. പരേതൻെറ നിത്യശാന്തി വായനക്കാർ പ്രാർത്ഥിപ്പാറാകണം. R. I. P.

# The Kudumba Deepam.

## Index to volume VI.

**1935.**

"നല്ലതും പ്രയോജനകരവുമായ കത്തോലിക്ക പത്രങ്ങളും പുസ്തകങ്ങളും വായിക്കുന്നതിനുള്ള അഭിരുചിയാണ് മാതാപിതാക്കന്മാർ തങ്ങളുടെ സന്താനങ്ങൾക്കു ഉണ്ടാക്കി കൊടുക്കേണ്ട ഏററവും വലിയ ഒരു സമ്പാദ്യം."

*-Bishop Cleary, Auckland.*

THEVARA:

THE LITTLE FLOWER PRESS.

# കുടുംബദീപം.

## INDEX TO VOL. VI. — 1935.

## ഒന്നാം പുസ്തകത്തിന്റെ

### അകാരാദി വിഷയസൂചി.


അങ്കോലം ൨൭൩.
അജഗണം അജപാലകനെ അറിയുന്നു ൩൬൮.
അന്നത്തെ രാത്രി ൩൬൧.
അവളെ ഒരു പീഠത്തിൽ സ്ഥാപിച്ചു ൧.
അവളുടെ പ്രാത്ഥനപോലെ നിവൃത്തിയായി ൩൩൨.
അയാറം ആരായിരുന്നു ൩൪൪.
ആക്ലം സാധിക്കാവുന്ന പ്രേഷിതവേല ൩൦൭, ൩൩൮.
ആംഗ്ലേയ രക്തസാക്ഷികളുടെ മഹത്വീകരണം ൫൨൯.
ആശ്രയം തിരുഹൃദയം ൮൮.
ആളുകണ്ടുപിടിക്കാനുള്ള എളുപ്പമായമാർഗ്ഗം ൫൫൧.
ഈശ്വരപ്രാത്ഥന ൫൭൭, ൩൨൫.
ഉണ്ണിയീശോയുടെ പിറവി ൫൧.
ഉപകാരോപഹാരം ൨൭൪.
എന്റെ സ്വന്തമായവ എന്നെ അറിയുന്നു ൨൬൧.
ഒരു സ്മരണ (പദ്യം) ൩൧൯.
ഓക്സ്ഫോഡ് പ്രസ്ഥാനം ൩, ൩൬, ൬൭, ൫൪൬, ൫൧൨.
കർത്താവിന്റെ മാലാഖ ൨.
കത്തോലിക്കപ്രയത്നം ആർക്ക് സഹായത്തം? ൫൪൫.
കത്തോലിക്കസഭ ൧൨, ൫൦൦.
കത്തോലിക്കാകോൺഗ്രസിലെ ഉൽഘാടനപ്രസംഗം ൫൧൯.
കഥ തൊള്ളായിരത്തിന്റെ ൫൨൦.
കട്ടിനാളിന്റെ വിടുതിക്കാരൻ ൨൩൫.
കാരണം മനസ്സിലായി ൮൦.
കുടുംബജീവിതം ൫൫൪.

കുറിപ്പുകൾ ൩൧, ൫൧, ൯൩, ൧൨൫, ൧൬൯, ൧൯൦,
൨൨൨, ൨൬൬, ൨൮൭, ൩൨൦, ൩൬൧, ൩൮൩.
ക്രിസ്തീയകുടുംബം ൩൯.
ക്രിസ്തുമസ്സും നവവത്സരവും ൪൪.
ക്രിസ്മസ്സ്ഗാനം ൩൬൩.
ക്രിസ്തുവിന്റെ ഉയിർപ്പ് ൧൩൮.
ചെറുപുഷ്പത്തിന്റെ ചെറിയ മണിമാല ൨൦.
ചെറുപുഷ്പസ്തവം ൨൮൯.
ജപമാല ൨൮൯.
ജ്ഞാനസ്നാനകർമ്മം ൨൫, ൬൬.
ായറാഴ്ചകത്തോലിക്കത്വവും കത്തോലിക്കാപ്രവർത്തനവും
൨൯൬.
രുന്ന വന്ദനം ൨൪
രുഹൃദയകീർത്തനം ൧൫൧.
ാട്ടത്തിൽവെച്ചുണ്ടായ വ്യഥ ൯൮.
തോമസ്മൂർ വി. ൧൯൪.
ത്രേസ്യാമ്മമാന്റെ ഇപ്പോഴത്തെ സ്ഥിതി ൨൧൩.
ദനഹ ൧.
ദൈവജനനിയുടെ അമലോത്ഭവം ൩൬൩.
ദൈവജനനിയുടെ ശുദ്ധീകരണം ൩൪.
ദൈവജനനിയുടെ സ്വർഗ്ഗാരോഹണം ൨൨൬.
നിങ്ങളുടെ കുടുംബം ൧൨൪, ൨൧൭, ൨൬൨.
നിങ്ങളുടെ കുടുംബം സാക്ഷാൽ ക്രിസ്തീയകുടുംബം തന്നെയോ
൧൬൩, ൧൮൭.
നിശ്ശബ്ദയാത്ര ൩൧൩.
നോമ്പുകാലം ൫൬.
പരിപൂർണ്ണത ൨൭.
പശ്ചാത്താപം ൩൩൯.
പുനരുത്ഥാനഗാനം ൧൪൨.
പൊതുനിയോഗം ൨൯, ൫൦, ൯൨, ൧൨൬, ൧൬൯, ൧൮൯,
൨൨൨, ൨൬൪, ൨൮൫, ൩൧൯, ൩൬൧, ൩൮൨.

| | |
|---|---|
| പുസ്തകാഭിപ്രായം | ന.ഠ, വ.വ്യ.ഖ, ന.൧ൻ |
| ബഞ്ഞാട്ടിൻെറ നായ്ക്കൾ, വി. | വൻവ്യ. |
| ഭക്തി | വർവ. |
| മതപരിവൎത്തനം | വന്യ൧. |
| മാതൃഗീതി | ൧ർ൭, ൧ൻന. |
| മാതാപിതാക്കളുടെ ആശീൎവാദം | നഭവ്യ |
| മിശിഹായുടെ കഷ്ടാനുഭവ തിരുശ്ലേഷിപ്പുകൾ | വരെ |
| മേമാസകീൎത്തനം | ൧വ൧ |
| മംഗളാശംസ | വവ |
| യഥാൎത്ഥസാന്നിദ്ധ്യം | ൧ന്യവ, വഠന, വവ |
| യുവലോകം | ൈ, ൧ |
| യേശുക്രീസ്തു ദൈവമാണൊ | ൧ |
| യോബും ജിമ്മിയും | ൧ന |
| രണ്ടു സ്മരണീയദിനങ്ങൾ | വ. |
| രണ്ടാം സെബാസ്റ്റിൻ ഒരു | ൪. |
| രാജകുമാരിയുടെ സ്നേഹിതൻ | ന൦,വ. |
| രാജാവിൻെറ പ്രതിക്രിയ | ൧ഭാ. |
| വിനയം | വ൧വ. |
| വിശ്വാസം | വനഭ |
| ശത്രുക്കളെ സ്നേഹിപ്പിൻ | ൯൯ |
| ശ്രീയേശുഗീതം | വഭ |
| സഭാപിതാവായ വി. കുരിശിൻെറ യോഹന്നാൻ | ന.വ൧ |
| സാധുവിൻെറ പ്രാൎത്ഥന ഒരു | ൨ർ൭. |
| സംസൎഗ്ഗം (പദ്യം) | ന ന്യന. |
| സ്ഥിരപരിത്യാഗം | വ്യവ്യ |
| സ്നേഹരാജനായ യേശു | ന൦൩, ന.൭. |
| ലൂട്ടിലെ ത്രിദിനാരാധന | വ൦ന്യ. |
| ലൂട്ടിൽ നടന്ന പ്രസംഗങ്ങൾ | വ൧ർ. |
| ലോകൈക സാമ്രാജ്യം | ൧ഭ൭ |
| ക്ഷയരോഗത്തിന് തവളസൂപ്പ് | ൻഠ. |


---

KUDUMBA DEEPAM-1935

Indic Digital Archive Foundation
gpura.org